
# രമണൻ



ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

# രാഗപരാഗം

ഗ്രന്ഥകർത്താ:

ചങ്ങമ്പുഴ കൃഷ്ണപിള്ള എം. എ.

ഇടപ്പള്ളി.

Publishers:

THE MANGALODAYAM LIMITED,

TRICHUR.

Digitized By Kerala Sahitya Akademi

*First Impression*
*in Mithunam 1124*

One Thousand
Copies.

All Rights reserved
by
MRS. SREEDEVI CHANGAMPUZHA
"SREEDEVI MANDIRAM"
EDAPPALLY.
(N. Travancore)

Price
Rupee One

Printed at
The Mangalodayam Press.
Trichur.

Digitized By Kerala Sahitya Akademi

# കവിതകൾ


1. ആദ്യസമ്മേളനം.
2. അച്ഛൻ.
3. ഹേമന്തചന്ദ്രിക.
4. അപേക്ഷ.
5. വസന്താഗമം.
6. ഉദയരാഗം.
7. യാത്ര പറയുമ്പോൾ.
8. കാമുകനാരെന്നു ചൊല്ലരുതേ!
9. ജീവനാഥൻ.
10. കാമുകന്റെ സ്വപ്നങ്ങൾ.
11. സംതൃപ്തി.
12. അർപ്പണം.
13. സ്വപ്നസ്മൃതി.
14. ആശ.
15. സ്മരണ.
16. തപ്തരാഗം.
17. പ്രേമപൂജ.
18. വാസവദത്ത.


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മത്തനാണു ഞാനെങ്കിലെന്തിന്നെൻ
ഏന്തിലൂറുമിസ്സൗന്ദര്യ്യബോധം
തത്വചിന്തതൻ കൂട്ടിൽക്കിടക്കും
തത്തകൾ കഷ്ടമെമ്മട്ടറിയും!
ഞാനിതുവരെപ്പാടിപ്പറന്നൂ
ഗാനസൌന്ദര്യ്യസാരം പകർന്നൂ
കിട്ടിയില്ലനിസ്സ്വാതന്ത്രീയതതൻ
റൊട്ടി—പക്ഷേ ഞാനിന്നും കൃതാർത്ഥൻ!!

—ചങ്ങമ്പുഴ.

Digitized By Kerala Sahitya Akademi

# രാഗപരാഗം

കതിർമാത്രമെഴുന്ന താരകേ, നിൻ
ഹൃദയത്തിൽ കമനീയതാമരന്ദം
ബത, കൈവിരൽകൊണ്ടു തോണ്ടി നക്കി-
ക്കൊതിയാൽ ഞാൻ നുണയുന്നു നന്ദികെട്ടോൻ!

ഒരു വെള്ളയരിപ്പിറാവിനെക്കാ-
ളരുമേ, നിൻ മൃദുലതമമാം മനസ്സിൽ
പരമെൻ നഖരം കടത്തി നിന്നെ-
ക്കരയിപ്പൂ കനിവററ കശ്മലൻ ഞാൻ!

സദനത്തിനു കല്പവല്ലികേ നിൻ
ഹൃദയം പുഞ്ചിരി പെയ്തുപെയ്തു നിൽക്കേ,
മൃതിപോലുമെനിക്കു പുല്ലു, കിട്ടും
ഗതി മേലെത്രമധഃപതിക്കിലും ഞാൻ!

തരിശാകിനൊരെൻറെ ജീവിതത്തിൽ
തവ കാൽവെപ്പു വിതച്ചുതന്ന ഭാഗ്യം
തളിരിട്ടണിയിട്ടു നിൽപ്പു നിത്യം
തണലും താങ്ങുമെനിക്കു നൽകിയാർദ്രേ!!....

ചങ്ങമ്പുഴ.

Digitized By Kerala Sahitya Akademi

# ആദ്യസമ്മേളനം

നീ വരും നിർജ്ജനവീഥിയിൽ ഞാനൊരു
പൂവണിച്ചെണ്ടുമായ്ക്കാത്തുനില്ക്കും.
താരകരാജിയിലെന്മനസ്പന്ദനം
നേരിട്ടു കാണും നീ നീലവിണ്ണിൽ!
നീയതു കാണുമ്പോൾ നിന്നോടെനിക്കുള്ള
നീടുററ രാഗം ശരിക്കറിയും
ഓർക്കുമൊരു ഞൊടിക്കുള്ളിൽ നീ, യേകയായ്
വാഴ്കുമിരുട്ടത്തു നില്ക്കുമെന്നെ.

വാടാവെളിച്ചമേ, തൽക്ഷണം വെമ്പലാർ-
ന്നോടിയണയും നീയെന്നരികിൽ
മോഹിനിയല്ല ഞാനെങ്കിലുമിന്നെന്നെ
സ്നേഹിപ്പോനാണു നീയത്രമാത്രം!
എന്നേക്കുമായ് കാഴ്ചവെക്കും നിനക്കെന്നെ
നിന്നാഗമത്തിൽ ഞാൻ നിർവ്വിശങ്കം
അങ്ങനെ നമ്മുടെയാദ്യസമ്മേളനം
സംഗീതസാന്ദ്രമായുല്ലസിക്കും.

(1)

അമലാംബരത്തിലേക്കുററുനോക്കി-
യലസാംഗിയായിങ്ങിരുന്നിടുമ്പോൾ

Digitized By Kerala Sahitya Akademi

നിഖിലചരാചരവസ്തുവിലും
നിഴലിച്ചു കാൺമൂ ഞാൻ നിൻവിലാസം.
അഴകുററ നിന്നെത്തിരക്കി മുന്നോ-
ട്ടൊഴുകുന്നു ചോലകളാകമാനം
എവിടെ നീയെന്നൊന്നറിയുവാനാ-
യെവിടെയും നോക്കിച്ചിരിപ്പൂതെന്നൽ
പരമാത്മതത്വമറിഞ്ഞിടാതെ
പലതും പുലമ്പുന്നു പൈങ്കിളികൾ
ഒരു ബോധമില്ലാത്തമട്ടനങ്ങാ-
തൊരിടത്തു മഞ്ഞത്തിരിക്കുന്നു നിൽപൂ
അറിയാൻ കഴിയാത്ത സംഭ്രമത്താ-
ലടവികൾക്കേലുന്നു കമ്പനങ്ങൾ.

(2)

ജീവനായ് ഞാനന്നു നട്ടുവളത്തിയ
ഞാവൽ കടിഞ്ഞൂലുകാച്ചു.

(3)

മധുവും സുഗന്ധവും മുററിയിന്നെൻ
മധുരപ്രണയമേ നീ വിടന്നു.

Digitized By Kerala Sahitya Akademi

# അർച്ചന

ഓർക്കുമ്പൊഴേക്കുമെൻ ഹൃത്തിൽ പുളകങ്ങൾ
പൂക്കുമാറെന്നോടടുത്ത പൂക്കാലമേ!
സങ്കല്പസീമയിൽ സന്തോഷശാന്തിതൻ
തങ്കപ്രകാശം തളിക്കുന്ന താരമേ!
മാമകചിന്താശതാബ്ജപത്രങ്ങളിൽ
മാരകനൃത്തം നടത്തും മരാളികേ!
നിർമ്മലസ്നേഹാർദ്രസംഗീതധാരയി-
ലെന്മനസ്പന്ദങ്ങൾ മുക്കും മുരളികേ!
ആകമ്രശുദ്ധിതൻ സർവ്വവുമൊത്തുചേർ-
ന്നാകാരമാർന്നോരനുപമസ്വപ്നമേ!
പാവനസൌഹൃദപ്പച്ചത്തൊടികളിൽ
പാടിപ്പറക്കും ശുഭകരശാരികേ!
സ്വാഗതം ചെയ്തു ഞാനർച്ചിപ്പൂ നിന്നെയെൻ
രാഗാർദ്രമാനസസ്പന്ദപുഷ്പങ്ങളാൽ!
വിസ്മയം തോന്നുമാറോർത്തിരിക്കാതൊരു
വിദ്യുല്ലതപോലണഞ്ഞു നീ മോഹിനി!
അന്തമില്ലാതെഴുമുഗ്രനിരാശതാ-
ന്ധകാരത്തിലടിഞ്ഞ മൽജീവിതം,
പൊക്കിയെടുത്തു ഹിരണ്മയദീപ്തിയിൽ
മുക്കി നിൻമുഗ്ദ്ധോദയാകസ്മികോത്സവം!

Digitized By Kerala Sahitya Akademi

ചിന്തിച്ചിരിക്കാതണഞ്ഞേതവമിന്നെന്റെ
ചിന്തകൾപോലും നിറം പിടിപ്പിപ്പൂ നീ!

കാടും മലകളും തോടും പുഴകളും
പാടേ കടന്നു പിന്നിട്ടിന്നു മന്മനം

ചഞ്ചൽച്ചിറകടിച്ചെത്തുന്നു നിൻകുളിർ-
പ്പുഞ്ചിരിപ്പൂവിൻ സുഗന്ധം നുകരുവാൻ!

കഷ്ടം, പരതന്ത്രനെന്തു ഞാൻ ചെയ്യട്ടെ
പൊട്ടുന്നതല്ലെന്റെ ചങ്ങലക്കെട്ടുകൾ.

എങ്കിലു,മെത്ര നിയന്ത്രിക്കിലും സ്വയം
നിങ്കലേക്കയ്യോ കുതിക്കുന്നു മന്മനം!

ശാശ്വതസ്നേഹത്തിടമ്പായെനിക്കേവ-
മീശ്വരൻതന്നോരനുജത്തിയാണു നീ!

നന്മ തുളുമ്പും സഹോദരസ്നേഹമാം
പൊന്മലർകൊണ്ടിതാ പൂജിപ്പൂ നിന്നെ ഞാൻ!

ആടലിൻ ചൂടണഞ്ഞെത്ര മർദ്ദിക്കിലും
വാടില്ല നിൻ പിഞ്ചിതളിലൊന്നെങ്കിലും!

എന്നന്ത്യഗൽഗദമന്തരീക്ഷത്തിനോ-
ടെന്നേക്കുമായിട്ടലിഞ്ഞുചേരുമ്പൊഴും

തിങ്ങിത്തുളുമ്പുമസ്നേഹപുഷ്പത്തിലെൻ
മംഗളാശംസതൻ തേനും സുഗന്ധവും!

വത്സലേ, നിന്നഗ്രജാപ്തിയേക്കാളെനി-
ക്കുത്സവം മന്നിൽ മറ്റെന്തു വേണം ശുഭേ?

Digitized By Kerala Sahitya Akademi

നീയെന്നനുജത്തിയെന്നതോക്കുമ്പോഴെൻ
നീറും മനസ്സിൽ തുളുമ്പുന്നു സുസ്മിതം.
നിന്നെക്കുറിച്ചുള്ള ചിന്തയി,ലായിരം
കിന്നരലോകം കടന്നുപോകുന്നു ഞാൻ
എത്തുന്നിതെന്നുന്നിലോടക്കുഴലുമാ-
യുത്തമജ്യോതിർമ്മയാർദ്രസങ്കല്പികൾ
കാമനിച്ചെൻ തപ്തജീവനെപ്പുൽകുന്നു
രോമഹർഷത്തിൻെറ കല്ലോലമാലകൾ!
എന്തറിയുന്നു, വിമലേ, വിദൂരെയെ-
ന്നന്തരാത്മാവിൻ വസന്തോത്സവങ്ങൾ നീ!

അമ്പിലപ്പൊൻകവിൾത്തട്ടിൽ, രണ്ടോമന-
ച്ചെമ്പനീർപ്പൂക്കൾ വിടന്നു കാണുന്നു ഞാൻ.
അർത്ഥമില്ലാത്തൊരിപ്പത്ര്യഖണ്ഡത്തിലേ-
ക്കുത്തളിർച്ചുണ്ടിൽനിന്നോരോനിമേഷവും
മന്ദാക്ഷമുഗ്ദ്ധങ്ങൾ മന്ദാരപുഷ്പങ്ങൾ
മന്ദസ്മിതങ്ങൾ പൊഴിഞ്ഞു കാണുന്നു ഞാൻ!
ആ നീലനേത്രോൽപലങ്ങളിൽ രണ്ടിലു-
മാനന്ദബാഷ്പം പൊടിഞ്ഞു കാണുന്നു ഞാൻ
അത്ഭുതസംഗീയചൈതന്യദീപ്തിയി-
ലത്തനുവല്ലി തളിർത്തുകാണുന്നു ഞാൻ
മാമകചിത്തത്തിലിച്ചിത്രതല്പജം
മായില്ല മായില്ലൊരിസ്സലും സോദരീ!

Digitized By Kerala Sahitya Akademi

നിന്നാടുത്തോമൽസഖികളായ് മാറാതെ
നിന്നിടട്ടെന്നും നിഖിലാനുഭൂതികൾ!
താരും തളിരും വിരിച്ചുകൂട്ടെ നിൻവഴി-
ത്താരയിലൊക്കെയും സൌഭാഗ്യവൃത്തികൾ
താളമേളങ്ങൾ തകൎക്കട്ടെ ശാന്തികൾ
താലം പിടിച്ചുകൂട്ടെ തങ്കക്കിനാവുകൾ
ആയുരാരോഗ്യങ്ങൾ സദ്രസം ഹാ, നിന-
ക്കാതിത്ഥ്യമേകട്ടെ നിത്യം സഹോദരി!
നിർവ്യാജമേവമിപ്രാൎത്ഥനാപുഷ്പങ്ങൾ
സൎവ്വേശപാദത്തിലൎപ്പിച്ചിടുന്നു ഞാൻ!

(4)

മമ ഹൃദയമലരിലെഴും
മധുരമധു നുകരണ്ടേ?
വരയുത ഞാൻ വനലത ഞാൻ
പരികരികേ വരിവണ്ടേ!
തണൽ തരുമിത്തരുവരൻതൻ
തനുവിൽ ഞാനെൻ തല ചാച്ചു
തനുവിനൊരു തരു മതി മേ
തനുമതിയത്തരുവിനുമേ
തരളതനീയലമകമേ
തരുകയി മേ മധുകരമേ!

Digitized By Kerala Sahitya Akademi

(൫)

ആരുമാരാധനചെയ്യാരുണ്ടുമാ-
റാരു നീ സുരചാരിമേ?
എന്മനസ്സിനു കാവ്യചോദനം
തന്നിടുന്ന നിൻ ദർശനം,
നിന്നിടുമൊരു പൊൻകിനാവുപോ-
ലെന്നുമെന്നുമെന്നോർമ്മയിൽ!
ജീവിതത്തിന്റെ ചോലയിൽ നിന്റെ
ഭാവുകത്തോണിയേറി നീ!
ദൂരെദ്ദൂരെ മറഞ്ഞകന്നുപോം
കൂരിരുളിൽ ഞാൻ നില്ക്കിലും
ഇല്ലിനിയെന്നെയോർക്കുകപോലു-
മില്ല നീയൊരുകാലവും!
എന്തിനല്ലെങ്കിലോർക്കണം ഹാ നീ
ബന്ധമില്ലാത്തൊരന്യനെ!
ഇച്ഛയുണ്ടെനിക്കേറെ നീയെന്റെ
കൊച്ചനുജത്തിയാകുവാൻ!
ഗാനലോലമാം നിന്മനസ്സിലെൻ
പ്രാണമുദ്ര പതിക്കുവാൻ—
ജന്മജന്മാന്തരങ്ങളിൽപോലും
നമ്മളൊന്നിച്ചിരിക്കുവാൻ!

എത്ര ശുദ്ധീകരിച്ചിതെൻ മനം
ഹൃദ്യതേ, ഹാ, നിൻ ദർശനം
ജീവിതംതന്നെ മാറി; ഞാനൊരു
ദേവതയായ മാതിരി.
ഇത്രമേലനവദ്യമാമേതു
ശക്തിയാവോ, വഹിപ്പു നീ?

Digitized By Kerala Sahitya Akademi

കണ്ടതല്ലാമതാരക്ഷരംപോലും
മിണ്ടിയില്ല നാമെങ്കിലും;,
വിണ്ണിൽ മിന്നി മറഞ്ഞിടും രണ്ടു
മിന്നലിൻ കലമാതിരി
കഷ്ടമൊററ ഞൊടിസ്സിടയിൽ വേർ-
പെട്ടുപോയി നാമെങ്കിലും;
രണ്ടു മാർഗ്ഗം പിരിഞ്ഞ നാം വീണ്ടും
കണ്ടുമുട്ടുകില്ലെങ്കിലും;
അത്രമാത്രം മധുരമായൊര-
സ്വപ്നനിശ്ശബ്ദദർശനം
എന്നുമോരോ പുളകപുഷ്പങ്ങൾ
ചിന്നിച്ചിന്നിയെൻ ജീവിതം
മുക്കിടുമൊരു നിഷ്കളോന്മാദ-
സ്വർഗ്ഗസൌരഭധാരയിൽ!
ഇല്ലെനിക്കു മറക്കുവാനാവു-
കില്ല നിന്നെയൊരിക്കലും!

(6)

ഇത്രയും കാലമെൻ സങ്കല്പസീമയിൽ
സ്വപ്നം രചിച്ചു നീ നിന്നു!
നിർമ്മലതത്തിൻ നിലാവു ചൊരിഞ്ഞുകൊ-
ണ്ടെന്മുന്നിലിന്നു നീ വന്നു.

Digitized By Kerala Sahitya Akademi

# ഹേമന്തചന്ദ്രിക

കോമളനിർമ്മലനീലനഭസ്ഥലം
കോടക്കാർ മൂടിയിരുണ്ടുപോയി
ഇല്ല വെളിച്ചം തരിമ്പുമൊരേടവു-
മെല്ലാം നിരാശപോലന്ധകാരം
കാമനസ്വപ്നാവകീർണ്ണമാം നിദ്രപോൽ
ഗ്രാമം മുഴുവൻ പ്രശാന്തമായി.
കേളിയറയിതൊഴിഞ്ഞു; വരാന്തയി-
ലാളിമാരെല്ലാമുറക്കമായി.
ആരുമറിയില്ലെൻ നാഥാ, ഭവാനിനി-
യാരാലിവിടന്നു വന്നുപോയാൽ.

തോഴിമാരാരുമറിയാതൊരുക്കി ഞാൻ
ചേലിലിന്നന്തിയ്ക്കിപ്പുഷ്പതല്പം.
വെണ്ണിളംപട്ടുതിരിയിട്ടൊഴിച്ചേനി-
സ്വർണ്ണവിളക്കിൻ സുഗന്ധതൈലം—
നൽച്ചന്ദനത്തിരി കത്തിച്ചീമച്ചക-
മച്ഛിന്നസൌരഭസാന്ദ്രമാക്കി.
കഷ്ടമിന്നന്തിതൊട്ടെന്നുന്നിലൂടെ വ-
ന്നെത്ര യുഗങ്ങൾ കടന്നുപോയി?
എന്തിത്ര താമസം?—നാഥ ഞാനേകയായ്
ചിന്തയിലെത്ര കഴിച്ചുകൂട്ടും?
തെററിദ്ധരിപ്പൂ നിൻ കാലടിയൊച്ചയായ്
മുററത്തിലയൊന്നനങ്ങിയാൽ ഞാൻ!


Digitized By Kerala Sahitya Akademi

ഉത്തരമാത്രയിലെന്നുള്ളിലെന്തിനോ
വിദ്യുൽപ്രവാഹമൊന്നങ്കുരിച്ചു.

ഞെട്ടറും പൂവുപോൽ ഹാ വിറച്ചുക്ഷണം
പട്ടുകിടക്കയിൽ വീഴ്വൂ ഞാനും!

സദ്രസമെന്നെസ്സമാശ്വസിപ്പിക്കുവാൻ
നിദ്രയുമെത്തുന്നീലെന്തു ചെയ്യാം!

കൂരിരുട്ടത്തു കരഞ്ഞു കരഞ്ഞു ഞാൻ
നേരം വെളുപ്പിക്കാം വല്ല പാടും!!

(7)

ഏറെക്കൊതിച്ചു വരമ്പത്തു ഞാൻ നട്ടൊ-
രേഴിലംപാലയും പൂത്തു!
പച്ചനെല്ലോലകൾ ചാച്ചുവച്ചങ്ങനെ
പിച്ചവെച്ചെത്തുന്ന കാറേ
ആരു പറഞ്ഞു നിന്നോടതിൻ പൂമണം
വാരി നിൻ മേലൊക്കെപ്പൂശാൻ?........
തേവൻ പറഞ്ഞെങ്കിൽ ഞാനെന്തു വേണമ-
ത്തേവന്റെ മാടത്തിൽ ചെല്ലൂ!
രാവും പകലും നിധിപോലെ കാക്കുമ-
പ്പാവലപ്പന്തലിൽ തൂങ്ങൂ!
ചേതമുണ്ടിപ്പാലക്കൊമ്പുലഞ്ഞാലെന്നു
നീതന്നെ ചെന്നു പറയൂ!

Digitized By Kerala Sahitya Akademi

# അപേക്ഷ

വിൺമലർത്തോപ്പിലെക്കൽപകപ്പൂമൊട്ടൊ-
ന്നെന്മടിത്തട്ടിലടന്നുവീണു.

നാണിച്ചു, നാണിച്ചു, ഞാനറിയാതതെൻ
പ്രാണനിൽ പററിപ്പിടിച്ചുനിന്നു.

സന്തതമായതിൻ സംഗമം മൂല,മെൻ
സങ്കല്പംപോലും നിറംപിടിച്ചു.

അത്യന്തദുഃഖത്തിൻ കാർമുകിൽമാലയാ-
ലത്രയ്ക്കിരുണ്ടൊരെന്നന്തരീക്ഷം,

വെള്ളിവെളിച്ചത്തിൽ മുങ്ങിയച്ചൈതന്യ-
കല്ലോലത്തിന്റെ നവോദയത്തിൽ

പ്രാണഹർഷപ്രദമായൊരാ വേളയിൽ
ഞാനൊരു സംഗീതമായി മാറി!

എന്മനസ്സ്പന്ദനം താരങ്ങളാഞ്ഞെടു-
ത്തുമ്മവെയ്ക്കുംപോലെനിക്കു തോന്നി.

ലോകത്തിലെങ്ങും ഞാൻ കണ്ടീ,ലതൃപ്തിതൻ
കാകോളത്തിന്റെ കണികപോലും

ദൈന്യസമൃദ്ധിയും പുഷ്കലശാന്തിയും
സ്വർഗ്ഗപ്രകാശവുമായിരുന്നു!

ജീവിതംതന്നെയെനിക്കൊരു മല്ലിക-
പ്പൂവിൻ പരിമളമായിരുന്നു!

* * *

Digitized By Kerala Sahitya Akademi

തങ്ങളിലൊത്തിനി മേലിലും ഹാ, നമു-
ക്കിങ്ങനെതന്നെ കഴിഞ്ഞുകൂടാം.
നീണ്ട യുഗങ്ങൾ നിമേഷങ്ങളെന്നപോൽ
നീന്തിക്കടന്നു നമുക്കൊടുവിൽ,
എന്നെങ്കിലുമൊരുകാലത്തനാദ്യന്ത-
സൌന്ദര്യസത്തയിൽ ചേൎന്നലിയാം!
നിൻനിഴൽ മാഞ്ഞാലും നിൎമ്മലേ, നീ തനി-
ച്ചെന്നെപ്പിരിഞ്ഞിനിപ്പോകരുതേ!!

---

(8)

സ്നേഹപരവശേ പോരും കരഞ്ഞതെൻ
സാഹസത്തിന്നിതാ മാപ്പു ചോദിപ്പു ഞാൻ.

(9)

നാണിച്ചു നാണിച്ചു നീയൊരു രാവിലെൻ
മാണിക്യമഞ്ചത്തിൽ വന്നിരിക്കും.

Digitized By Kerala Sahitya Akademi

# വസന്താഗമം

മുററത്തെ മുല്ലകളൊക്കെപ്പൂത്തു
കററക്കിടാവിന്റെ കൺ കുളിർത്തു.
ആയവ്നാശിച്ചിട്ടില്ലെന്നിരിക്കുകി-
ലാഗമിച്ചീടുമോ പുഷ്പകാലം?—അവൻ
സ്വാഗതമോതുമോ സാനുകൂലം?

പൂത്ത പൂവല്ലികൾ പുൽകിപ്പുൽകി-
ത്താർത്തെന്നലങ്ങിങ്ങു സഞ്ചരിച്ചു.
എന്മകനാനന്ദമേകുവാനല്ലെങ്കി-
ലെന്തിനാവല്ലികൾ നൃത്തമാടി?—അതി-
ലെന്തിനളികളുമൊത്തുക്കൂടി?

മാകന്ദത്തോപ്പിങ്കലാകമാനം
കാകളി തൂകിനാർ കോകിലങ്ങൾ
കണ്മണിക്കുഞ്ഞിനു കേൾക്കുവാനല്ലെങ്കി-
ലിമ്മട്ടിലെന്തിനു പാട്ടു പാടി—അവർ
തേന്മയമാക്കിയ പുഷ്പവാടി?

താമര പൂത്തു മണം പരന്നു
മാമരച്ചാർത്തും മതിമറന്നു
എന്നോമൽപ്പൈതലിനല്ലാതെയാർക്കതി-
ലുന്നതഹർഷമുദിപ്പതാവോ!—ചുണ്ടിൽ
ചിന്നുന്നതെന്തൊരു പൂനിലാവോ!

Digitized By Kerala Sahitya Akademi

തങ്കമേ വിണ്ണിൻവിശുദ്ധിമാത്രം
തങ്ങുന്നു നിന്നുടെ കണ്ണിണയിൽ
കാകോളം കല്ലോലം തല്ലുമീലോകത്തിൽ
കാലുഷ്യം കാണുവാൻ ശക്തമല്ല—അതു
കാലത്തിൻ വീപ്പാൽ കലങ്ങുകില്ല!

ഈ വസന്തത്തിലൊളിച്ചിരിക്കും
ഭീമനാം വേനൽ ചിരിച്ചിരിക്കും
ഓമനേ നിൻെറ കുതൂഹലം നോക്കിയി-
പ്പൂക്കാലമേറെനാൾ നില്ക്കയില്ല—നിൻെറ
നേക്കുന്നുകമ്പയതിങ്കലില്ല!

ഹാ, ലോകനായകാ ഞങ്ങളെല്ലാം
ബാലചാപല്യങ്ങൾ കാട്ടിയേക്കാം.
ഞാനിക്കിടാവിനോടോതുമ്പോൾ നീയുമ-
ജ്ഞാനികൾ ഞങ്ങളിൽ പൂണ്ണരാഗം—സത്യ-
ദീപം കൊളുത്തിടുകാത്തവേഗം!!

Digitized By Kerala Sahitya Akademi

# ഉദയരാഗം

[മനോഹരമായ ഒരു കുന്നിൻചെരുവ്. താഴെ പാറക്കെട്ടുകളിൽക്കൂടി പുളഞ്ഞൊഴുകുന്ന ഒരു നദി. അതിന്റെ ഇരുവശങ്ങളിലും ആറ്റുവഞ്ചികൾ കുലച്ചു മറിഞ്ഞുകിടക്കുന്നു. ഒരു നേരിയ മൂടൽമഞ്ഞൊട്ടുകൂടിയ ശിശിരപ്രഭാതം. ഇളവെയിൽ പരന്നുതുടങ്ങുന്നു. അരുവിയുടെ തീരത്ത് ഒരു പാറക്കല്ലിൽ മദനൻ ഇരിക്കുന്നു. അവന്റെ മുമ്പിൽ തഴച്ചു പടന്നുകിടക്കുന്ന വള്ളിക്കെട്ടിന്റെ താഴോട്ടു തൂങ്ങിയ ഒരു വള്ളിയിൽ കുസുമ പതുക്കെ ആടിക്കൊണ്ടിരിക്കുന്നു. മുമ്പോട്ടുള്ള ആയത്തിൽ അവളുടെ വസ്ത്രം മദനന്റെ പാദപാംശങ്ങളെ അല്പാല്പമായി സ്പർശിക്കുന്നു. ക്രമേണ ആട്ടത്തിന്റെ ആയം കുറഞ്ഞുകുറഞ്ഞു ഒരു ചലനം മാത്രമായിത്തീരുന്നു. കുസുമ മദനന്റെ നേരെ നോക്കിക്കൊണ്ടു മന്ദാക്ഷമധുരമായ പുഞ്ചിരി തൂകുന്നു.]

മദനൻ

"അങ്ങോട്ടു നോക്കിയാലെന്തു കാണാം?"

കുസുമ

"ആയിരം പൂച്ചെടി പൂത്തു കാണാം"

മദനൻ

"പൂച്ചെടിച്ചാർത്തിൽനിന്നെന്തു കേൾക്കാം?"

കുസുമ

"പൂങ്കുയിൽ പാടുന്ന പാട്ടു കേൾക്കാം."

മദനൻ

"നീലവിണ്ണെത്തിപ്പിടിച്ചുനില്ക്കും
ചേലഞ്ചുമോരോരോ കുന്നുകളും;
പാറപ്പടപ്പിലൂടാത്തമോദം
പാടിയൊഴുകുന്ന ചോലകളും

പാദപച്ഛായത്തിലായണഞ്ഞുമിണ്ടും
പാടിപ്പറക്കും പറവകളും
ആലോലവായുവിൽ മന്ദമന്ദ-
മാടിക്കുണുങ്ങുന്ന വല്ലികളും;
ആനന്ദ,മാനന്ദം!—നാമിരിക്കും
കാനനരംഗമിതെത്ര രമ്യം!

കുസുമ

"മലമുകളിൽപ്പൊങ്ങുന്നു ഭാനുബിംബം"

മദനൻ

"മലർനിരയിൽത്തത്തുന്നു മത്തഭൃംഗം"

കുസുമ

"അരികിലണയുന്നതു കണ്ടു വേഗ-
മരുതരുതെന്നെത്ര വിലക്കിയിട്ടും
സുമസവിധം പിന്നെയും വിട്ടിടാഞ്ഞാൻ
ഭ്രമരമതിനല്പവും ലജ്ജയില്ലേ?"

മദനൻ

"അതുലനവരാഗാർദ്രമാനസനാ-
യതിമധുരഗാനങ്ങൾ മൂളിമൂളി
പരിചിനൊടപ്പുഷ്പത്തിൻ മുന്നിലെത്തി
പരിചരണപ്രാർത്ഥന ചെയ്തിടുമ്പോൾ,
കരുണ ലവലേശമില്ലാതതിനോ-
ടരുതരുതെന്നോതിയാൽ കഷ്ടമല്ലേ?"

കുസുമ

"അകലത്തെവിടെയോ ലോകരാരു-
മറിയാതെ വാണൊരാമത്തഭൃംഗം

Digitized By Kerala Sahitya Akademi

അതിശാന്തയായൊരക്കൊച്ചുപൂവി-
ലനരക്തനാകാനുമാരു ചൊല്ലി?"

മദനൻ

"കണ്ണും കരളും കവരന്റെടുക്കാൻ
മന്നിൽ വിരിഞ്ഞൊരാ വന്യസൂനം
നന്ദനാരാമസുമങ്ങളേക്കാൾ
സുന്ദരമാകാനുമാരു ചൊല്ലി?"

കുസുമ

"സൌന്ദര്യമേകിയതാര്?—ദൈവം!"

മദനൻ

"സൌന്ദര്യമാണെന്നാലെൻെറ ദൈവം!"

കുസുമ

"അരിയ വെളിച്ചം ജഗത്തിൽ വീശു-
മഴകിൻ മറുവശമന്ധകാരം
അതിലകപ്പെട്ടാൽ വഴിയറിയാ-
തലയണമേതൊരു ചേതനയും!"

മദനൻ

"ശരിയാണതെങ്കിലും, പുഷ്പമേ, നി-
ന്നരികിലായ്ച്ചുറ്റുമിച്ചഞ്ചരീകം
അതിനുള്ള ജീവതന്തുക്കളെല്ലാ-
മവിടെക്കൊരുത്തു കഴിഞ്ഞുപോയി.
ജഡമെങ്ങു പോയാലും ജീവനാള-
മവിടത്തിൽത്തങ്ങിത്തുടിയ്ക്കുമെന്നും.
പ്രണയധവളനവതുഷാര-
കണികകൾകൊണ്ടതിന്നന്തരംഗം



Digitized By Kerala Sahitya Akademi

മുഴവനും രത്നകിരീടപൂർണ്ണം
മുഴവനും ലോലവികാരസാന്ദ്രം.
അത്ര കഷ്ടമീവിധം കൈവെടിയാ-
നതിനോടിന്നയ്യോ നീ ചൊല്ലരുതേ.
അനുകമ്പയററ നിരോധനത്താ-
ലതിനെ നീ കൊല്ലാതെ കൊല്ലരുതേ."

കുസുമ

"ഹൃദയനായകാ നീ ചടുശ്ശങ്കയാ-
ലദയമീവിധം ജല്പിച്ചതല്ല ഞാൻ.
തവ മൃദുലഹൃദയപരിമള-
നവലഹരിയിലാററാടിയാടുവാൻ
സരളമന്ദാക്ഷപഞ്ജരാന്തസ്ഥരായ്
ചിറകടിക്കുമെൻ യൌവനവാഞ്ഛകൾ
സിരകളിലോടുമെൻ ജീവരക്തവും
സുരഭിലമാക്കിത്തീർക്കയാണെപ്പൊഴും
അകമഴിഞ്ഞു ഞാൻ നോക്കി രസിക്കയാ-
ണകലെനിന്നു ചിരിക്കുന്ന ഭാവിയെ!!"

Digitized By Kerala Sahitya Akademi

(10)

സങ്കല്പസീമയിൽ നാണംകുണുങ്ങിയെൻ
തങ്കക്കിനാവേ നീയുല്ലസിപ്പൂ.
ആടിക്കുണുങ്ങി നീ നിൽക്കവേ, നിന്നെ ഞാൻ
മാടിവിളിച്ചില്ലേ നൂറു വട്ടം?
എന്നിട്ടു മൂടുപടമെടുത്തേകയാ-
യെന്നടുത്തെന്തേ നീ വന്നിടാഞ്ഞു?
ചേതോഹരാംഗി നിൻ സാമീപ്യസക്തമെൻ
ചേതന വെമ്പിക്കുതിച്ചനേരം
മിന്നൽക്കൊടിപോൽ പറന്നൊളിച്ചെന്തിനാ-
യെന്നെക്കളിപ്പിച്ചു നിർദ്ദയം നീ!
എന്നിട്ടും നീയെന്നെക്കൈവിട്ടകന്നിട്ടും
നിന്നെയാരാധിച്ചു നിത്യവും ഞാൻ!
നിർമ്മലനിർവൃതിയാണെനിക്കോമനേ
നിന്നെക്കുറിച്ചുള്ളൊരോർമ്മപോലും!

ചിന്തിച്ചിരിക്കാതെൻ പുണ്യപൂരത്തിനാ-
ലന്തികത്തിന്നു നീ വന്നുചേർന്നു.

Digitized By Kerala Sahitya Akademi

# യാത്ര പറയുമ്പോൾ

നിന്നോടു യാത്ര പറയുവാൻവേണ്ടി ഞാൻ
നിന്നരികത്തുവന്നെത്തിടുമ്പോൾ;
വിശ്വാസശൂന്യമാം സുസ്മിതമൊന്നു നിൻ
വിസ്തൃതനേത്രത്തിൽ വിസ്ഫുരിപ്പൂ!

എപ്പൊഴും നിന്നുടെ സന്നിധിയിങ്കൽവെ-
ച്ചിപ്രകാരം ചെയ്തിടുന്നമൂലം
യാത്രപറഞ്ഞു ഞാൻ പോകില്ലമെത്തുമാ-
മാത്രയിലെന്നു, നിനക്കറിയാം!

സത്യമാ,ണാ നിന്റെ സംശയംതന്നെ,യെ-
ന്നുൾത്താരിനുള്ളിലിന്നുണ്ടെനിക്കും;
എന്തുകൊണ്ടെന്നാൽ വസന്തം വന്നെത്താറു-
ണ്ടന്തരമേശാതെ വീണ്ടും വീണ്ടും
രാകാശശാങ്കൻ പിരിഞ്ഞുപോം പിന്നെയു-
മാകാശസന്ദർശനത്തിനെത്തും
മാമരക്കൊമ്പുകൾതോറു,മിതൾ വിടർ-
ന്നോമനപ്പുഷ്പങ്ങളുല്ലസിക്കും.
വാടിക്കൊഴിഞ്ഞവ പോകിലും പിന്നെയും
വാടിയിൽ വന്നെത്തും വർഷംതോറും
ആകയാൽ, ഞാനും, ഹാ, പോവതു, നിന്നടു-
ത്താഗമിക്കാൻ മാത്രമാണു വീണ്ടും!!

Digitized By Kerala Sahitya Akademi

(11)

എത്രയോമവച്ചോമനേ നിന്നെ ഞാൻ കണ്ടിട്ട-
ണ്ടെന്നെൻെറ ഹൃത്തിലെനിക്കു തോന്നി.
മോഹനരൂപിണീ തെല്ലുമോക്കാതൊന്നും
സ്നേഹിച്ചു പോയി ഞാൻ നിന്നെയേവം.
ഒററയ്ക്കോരു മാത്രപോയി—മൽക്കൌമാര-
മൊട്ടിപ്പിടിച്ച കിനാവുകളിൽ
തുല്യമായ് മറെറാന്നുമില്ലാത്ത സൌന്ദയ്യ-
മെല്ലാമിണങ്ങി നീയുല്ലസിച്ചു.
അത്യന്തസുന്ദരമാകമെല്ലാററിലു-
മത്യന്തസൌന്ദയ്യമാന്ന ബാലേ,
താനേയുണന്നു വിടരന്നാരെൻ കൺകൾക്കും
ഹാ, നിന്നെയെന്നുമെൻ പാണികൾക്കും,
നിന്നെക്കണ്ടെത്തിനോരെൻ ഹൃദയത്തിനും
നിർവൃതിയേകി നീ മാരിവില്ലേ!

(12)

പിന്നെയും വന്നു വസന്തം ചിരിച്ചുകൊ-
ണ്ടെന്നയൽവീട്ടിലെപ്പൂങ്കാവനങ്ങളിൽ
കാണാമെനിക്കിഞ്ജനചലുടായിരം
ചേണററ പൊന്തളിർച്ചാത്തും സുമങ്ങളും
എങ്കിലും, തിരെക്കവന്നെട്ടക്കുന്നതി-
ലെൻകരളങ്ങെഴും ഭംഗി രതെല്ലെങ്കിലും!
സ്വപ്നമെൻ മുന്നിൽ രചിച്ചുകൊണ്ടെൻചുററു-
മുൾക്കളിരേകിയിരിപ്പു പെപ്പേട്ടകൾ!

Digitized By Kerala Sahitya Akademi

(13)

ദൂരത്തുദൂരത്തു വന്മരങ്ങൾ
വാരിച്ചൊരിയുന്നു മർമ്മരങ്ങൾ.
മാകന്ദവാടിയിൽക്കോകിലങ്ങൾ
കൂകുന്നു ഗാനങ്ങൾ കോമളങ്ങൾ.
പച്ചപ്പുല്ലാളും തടം തഴുകി
കൊച്ചുപൂഞ്ചോല തളർന്നൊഴുകി.
മന്ദം സഖികളോടൊത്തുകൂടി
മൺകുടമേന്തിക്കൊണ്ടാടിയാടി
ആമുഗ്ദ്ധമന്ദാക്ഷലോലരായി
ഗ്രാമീണബാലകൾ വന്നുപോയി.
പൂഞ്ചിറകാർന്ന പുളകംപോലെ
പൂമ്പാററ പാറിപ്പറന്നു ചാലെ.
എങ്ങുമൊരാനന്ദപ്പൊൻതരംഗം
പൊങ്ങിത്തുളുമ്പുന്നിതെന്തു രംഗം!

ഞാനുമെൻ കണ്ണീർ തുടച്ചിടട്ടേ
ഞാനുമെൻ ഗാനം പൊഴിച്ചിടട്ടേ.
ഓമലാളേ നീയൊന്നിങ്ങുനോക്കൂ
ഓടക്കുഴലിതിങ്ങേകിയേക്കൂ!
ആനന്ദരംഗമിതിങ്കൽ വേണം
ഞാനുതിർക്കുന്നതെൻ പ്രേമഗാനം!

(14)

മമ മനോഹരസങ്കല്പസീമതൻ
മറയിൽ വീണു മയങ്ങിക്കിടന്നു നീ;
ഒരു സുനിശ്ചിതാകാരനിശ്ശൂന്യമാം
വെറുമൊരേകാന്തചഞ്ചലസ്വപ്നമായ്!

Digitized By Kerala Sahitya Akademi

പരിധിയററൊരെൻ ചിന്തകൾക്കൊക്കെയും
പരമലക്ഷ്യമായ്ത്തീൎന്നു നീയെങ്കിലും,
ഇതുവരേക്കും കഴിഞ്ഞീലെനിക്കു നിൻ
മൃദുകരാംഗുലിസ്പൎശനമേല്ക്കുവാൻ!
അറിയുവാനായ്ക്കൊതിക്കുന്നു നിന്നെ, ഞാ-
നരുളുകെന്നോടരുളുകാമെന്നു നീ.

ചിറകടിച്ചു മറഞ്ഞ ദിനങ്ങളിൽ-
ച്ചിലതവയുടെ മായാത്ത മുദ്രകൾ
പരിചിലപ്പിച്ചതൊക്കെയുണ്ടിന്നുമി-
പ്പഴകിജ്ജീൎണ്ണിച്ച ജീവിതത്തിന്നു മേൽ!
അവയെയെങ്കിലും വിസ്മൃതിയിങ്കൽ നീ-
യവഗണിച്ചിടാതംഗീകരിക്കുമോ?........

---

അന്തിക്കതിരുകൾ സാരിയുടുപ്പിച്ചാ-
രഞ്ജിതമാകുമത്തോപ്പിൽ
ആനന്ദലോലയായാടിയില്ലന്നൊക്കെ
ഞാനെത്രനാടകം തോഴി.
ഏറെനാളായി ഞാൻ കാണാതിരുന്നൊരി-
യാരാമലക്ഷ്മിയെക്കാൺകെ,
മൊട്ടിട്ടിടുകയാണോമൽസ്മരണകൾ
കഷ്ട,മെൻ ചിത്തത്തിൽ വീണ്ടും!

Digitized By Kerala Sahitya Akademi

# കാമുകനാരെന്നു ചൊല്ലരുതേ!

ആരോടുമോമലേ ഞാനൊരുനാളും നിൻ
കാമുകനാണെന്നു ചൊല്ലരുതേ!

ഞാനിന്നു ലോകത്തിലെൻറയെന്നോക്കുന്ന
നീയൊരു നക്ഷത്രമായിരുന്നു.
അന്നൊരു വെൺമുകിൽ വിണ്ണിലൊരേടത്തു
നിന്നെ നിനച്ചു ഭജിച്ചിരുന്നു.
അന്യോന്യം കാണാതെ, കണ്ടാലും മിണ്ടാതെ
നിങ്ങളിരുവരും നിന്നിരുന്നു.
അന്നെല്ലാം കേവലമന്യനായുള്ള ഞാൻ
കണ്ണീരിൽ മുങ്ങിക്കഴിഞ്ഞിരുന്നു.

വാസന്തകാലം മറഞ്ഞു; ഹാ, ഭൂമിയും
വാനുമൊന്നാകെക്കറുത്തിരുണ്ടു.
ചേതസ്സിലാതങ്കചിന്തപോൽ, കാർമുകിൽ
മീതെയ്ക്കുമീതെയടിഞ്ഞു വാനിൽ
പേമാരി ചീററിയണഞ്ഞു കൊടുംകാററിൽ
മാമരമൊക്കെ വാവിട്ടു കേണു.
നീരസഭാവത്തിലാകാശം കൈവിട്ടു
നീയുമെവിടെയോ ചെന്നൊളിച്ചു.

ഘോരനിരാശയിലിക്കൊച്ചുവെൺമുകിൽ
മാരിയായ് മണ്ണിലടിഞ്ഞുചേർന്നു.
അന്നൊരു നാളിലെന്നേകാന്തനിദ്രയിൽ
സുന്ദരസ്വപ്നമേ നീയണഞ്ഞു.

Digitized By Kerala Sahitya Akademi

ആ നിമേഷംമുതൽ വിട്ടുപോകാതെയെൻ
മാനസത്തിങ്കൽ ഞാൻ ചേർത്തു നിന്നെ!

നീരദമാലയൊഴിഞ്ഞു, രണ്ടാമതും
നീലാംബരാന്തം തെളിഞ്ഞുനിന്നു!
ആദിത്യകാന്തിയിലാറാടി, ലോകമൊ-
രാനന്ദചിന്തപോലുല്ലസിച്ചു.
മാലേയമാരുതൻ വീശി, മലരണി-
ഞ്ഞാലോലവല്ലികൾ നൃത്തമാടി

ഓമനേ, നീയെൻെറ മാനസവീണയിൽ
പ്രേമഗാനം പൊഴിച്ചുല്ലസിച്ചു.
എന്നാലും വിണ്ണിൻനിധിയായിരുന്ന നീ-
യെങ്ങനെ മന്നിലിന്നെൻെറയാകും?

അന്യനായുള്ള ഞാനാരുമറിയാതെ
നിന്നെയെൻ കൈയിലൊതുക്കിനിന്നു.
ആകയാലാരോടും ഞാനൊരുനാളും നിൻ
കാമുകനാണെന്നു ചൊല്ലരുതേ!

—oo:o:oo—



Digitized By Kerala Sahitya Akademi

# ജീവനാഥൻ

ചെമ്മഞ്ഞപ്പൂഞ്ചോല ചെമ്മേയണിഞ്ഞെത്തി
സമ്മോഹനാംഗിയാം സന്ധ്യാദേവി
അന്ധകാരാഗമം ഘോഷിപ്പാൻ നിശ്ശബ്ദ-
മന്തിത്തിരികളാലാലയങ്ങൾ
നിശ്ചലമാമൊരു നീലത്തടാകംപോൽ
നിശ്ശബ്ദമായ്ത്തീന്നിതന്തരീക്ഷം.

ധ്യാനനിരതയായോമനേ, നീയിദ-
മാനദീതീരത്തിരിപ്പതെന്തേ?
പോരിക, പോരിക നിന്നോമൽസ്വപ്നങ്ങൾ
കൂരിരുൾകൊണ്ടിപ്പോൾ മൂടമല്ലോ!

* * *

സന്താപബാഷ്പം പൊഴിച്ചതു പോരു,മെൻ
ചിന്താപരവശേ, നീയുറങ്ങു.
എന്മാറിൽ ചാഞ്ഞുകൊൾകോമനേ, നിന്നെ
ചുംബനപ്പൂക്കളാൽ മൂടിക്കൊള്ളാം. (ഞാൻ
എന്നെയും കാത്തു നീയാനദീതീരത്തി-
ലിന്നോളം നിന്നെത്ര ബുദ്ധിമുട്ടി?

ഹേമമയമാകുമെന്മണിമേടയിൽ
തൂമലർതഞ്ചുമപ്പൂങ്കൊടിയിൽ
ആനന്ദസ്വപ്നങ്ങൾ കണ്ടുകണ്ടെന്നെന്നും
ഞാനുമൊത്തോമലേ നീയുറങ്ങൂ!

* * *

Digitized By Kerala Sahitya Akademi

എന്നും സുഖിയ്ക്കുവാനെല്ലാം പുതുക്കുവാ-
നെന്നോടുനിന്നെ ഞാൻ ചേർത്തിടുന്നു.
ജീവിതസ്വപ്നങ്ങൾ മാഞ്ഞെങ്കിൽ മായട്ടേ
ജീവേശൻ ഞാനില്ലേ, ജീവനാഥേ!

(15)

ആ നല്ലകാലവുമാനല്ലനാടുമെ-
ന്താനന്ദരംഗങ്ങളായിരുന്നു സഖി!
ഉച്ചയ്ക്കുപോലും വെയിലുചോരാമത്താര-
പ്പച്ചിലക്കാടും മരത്തണൽക്കൂടിയും
ആനന്ദമാണെനിയ്ക്കാനന്ദമാണെനി-
യ്ക്കാനാടിനെക്കുറിച്ചോർക്കുന്നപോലുമേ!

Digitized By Kerala Sahitya Akademi

# കാമുകൻെറ സ്വപ്നങ്ങൾ

ഒന്ന്

ദേവി, ജീവിതപുഷ്പം കൊഴിയാറായി, ഹർഷം
താവിയ സുദിനങ്ങളെന്നേയ്ക്കും മറവായി
എങ്കിലുമേകാന്തത്തിൻ ചില്ലകൾതോറും പാറി-
പ്പൈങ്കിളികളേപ്പോലെ മേളിപ്പൂ കിനാവുകൾ
അവതൻസവിലാസദർശനത്തിലെൻ ചിത്ത-
മവരോധിപ്പൂ നിന്നെ രാജ്ഞിയായതിൻനാട്ടിൽ!

ചതിയ്ക്കും യാഥാർത്ഥ്യങ്ങൾ മിക്കതും യഥാർത്ഥത്തിൽ
ക്ഷിതിയിൽ സ്വപ്നങ്ങൾക്കേ സത്യസന്ധതയുള്ളൂ.
അവ ചഞ്ചലങ്ങളാ,ണെങ്കിലു,മല്ലെന്നായി-
ട്ടവ ഭാവിയ്ക്കി,ല്ലേകില്ലൊടുവിൽ പ്രാണാഘാതം.
അവയെന്നേകാന്തത്തിൽ പാടുന്നു നിൻ സൌന്ദര്യ-
മവയെന്നേകാന്തത്തിൽ പാടുന്നു നിൻ സൌശീല്യം.
സദ്ഗുണശക്തിതൻ സാത്വികാലാപം സ്പന്ദിയ്ക്കുമി-
സ്സ്വർഗ്ഗത്തിൽ, സ്വപ്നങ്ങൾതൻ ദുർഗ്ഗത്തിൽ, സുശക്തൻ
(ഞാൻ!

രണ്ട്

ജീവനെനിയ്ക്കു വെറും തൃണം—നിന്നെയെൻ
ജീവനും ജീവനായ് പൂജിച്ചിടുന്നു ഞാൻ.
സ്നേഹിച്ചു നിന്നെ ഞാൻ നീയൊഴിഞ്ഞാരെയും
സ്നേഹിച്ചതില്ല ഞാൻ, സ്നേഹിക്കയില്ല ഞാൻ.

Digitized By Kerala Sahitya Akademi

നിന്നിലും മീതെയായില്ലെനിയ്ക്കൊന്നുമീ-
മന്നി,ലാരാധിപ്പൂ നിന്നെ ഞാനോമനേ!

എന്നെ നീ വിസ്മരിച്ചാലും ഭജിച്ചിടും
നിന്നെ ഞാ,നെൻ പ്രാണസർവ്വസ്വമാണു നീ.
ഭോഗമാധുര്യം വെറും നിഴലു,ജ്ജ്വല-
ത്ത്യാഗദീപത്തിൻെറ നിർവ്വാണദീപ്തിയിൽ
തപ്തമാണെങ്കിലും മാമകജീവിതം
സുപ്തമല്ലഞ്ജലി ചെയ്‌വൂ ഹാ നിൻപദം!
ജന്മമെനിയ്ക്കുണ്ടിനിയുമെന്നാകിൽ ഞാൻ
നിന്മനോനാഥനായ്ത്തന്നെയെത്തും, പ്രിയേ!

മൂന്ന്

ലോകപ്രശംസയും വിദ്വേഷവും സമ-
മേകനിമേഷത്തിൽ നേടിയോൻ ഞാൻ
എന്നെ നീ പൂജിച്ചു ഞാനപേക്ഷിയ്ക്കാതെ-
തന്നെ, നിൻ ജീവാധിനാഥനായ് ഞാൻ.
നീതിയും ന്യായവും കൂട്ടിൽക്കയററിയാൽ
പാതിത്യം പററിയ പാപിനി നീ!

എങ്കിലും ദുഃഖിച്ചിടായ്ക നീ ശാലിനി
ശങ്കിച്ചിടേണ്ട നിൻ സേവകൻ ഞാൻ
മാമകപ്രാണനുംകൂടി ത്യജിയ്ക്കുവ-
നാമന്ദഹാസത്തിനായി മാത്രം.

Digitized By Kerala Sahitya Akademi

ആ മന്ദഹാസമതാണു മൽജീവിത-
പ്രേമപ്രപഞ്ചമാം സ്വപ്നകേന്ദ്രം.

സ്നേഹിയ്ക്കാനെന്നെപ്പഠിപ്പിച്ച നീ, നിന്നെ
സ്നേഹിച്ചിടും ഞാൻ മരിയ്ക്കുവോളം!

നാല്

ശങ്കയയ്യോ, വിഷമാണതേൽക്കുകിൽ
സങ്കടംതന്നെ പിന്നത്തെ ജീവിതം.

ഹൃത്തുടഞ്ഞു നാം ലോകത്തിലങ്ങനെ
ചത്തു ജീവിപ്പതെന്തിനാണോമനേ?

വിശ്വമോഹിനീ പൂർണ്ണമായെന്നെ നീ
വിശ്വസിയ്ക്കൂ ചതിയ്ക്കില്ല നിന്നെ ഞാൻ.

കാലദോഷം വരാം മനുഷ്യനതിൻ
ജ്വാലയിൽ,ച്ചാമ്പലാകാം പ്രതീക്ഷകൾ.

ത്തുമ മങ്ങി നശിയ്ക്കുകില്ലെങ്കിലും
പ്രേമഹേമപ്രകാണ്ഡമൊരിയ്ക്കലും

കഷ്ടകാലസ്ഫുടപാകവൃത്തിയിൽ
തുഷ്ടകന്നതുൽക്കൃഷ്ടമാകും സതി!

ഈ വിയോഗാലകലുകയ,ല്ലയേ
ദേവി, മേന്മേലടുക്കുകയാണു നാം.

അഞ്ച്

അധമരിലോററം ജഗത്തിൽ ഞാനാ-
ണധമനെന്നോമനേ സമ്മതിയ്ക്കാം.

Digitized By Kerala Sahitya Akademi

ഒരു ദേവതയ്ക്കുമില്ലെങ്കിലുമെൻ
നിരുപമനിസ്സ്വാത്മദിവ്യരാഗം

തവ ദേഹമോഹാത്മകാത്മമോഹ-
വിവശിതനായില്ലൊരിക്കലും ഞാൻ.

പരിസരദ്വേഷങ്ങളെന്റെ ചിത്തം
പരിധൂതപങ്കമായാരചിച്ചൂ,
ശകലിതമാകയോ ശാലിനി നി-
ന്നകളങ്കരാഗാർദ്രമുഗ്ദ്ധചിത്തം?
അടിപെടുന്നോ വെറും മിത്ഥ്യകൾത-
ന്നടിയൊഴുക്കിന്റെ ചുഴികളിൽ നീ?
സതി, നിത്യഭാസുരതാരകകൾ-
ക്കതിഥിയായ് നിന്നെയുയർത്തിടും ഞാൻ!

ആറ്

ചെന്തളിർ ചൂടിച്ചിരിച്ചിതാ പിന്നെയും
ചിന്തകൾ വൃക്ഷമീനാളിൽ,
മാനസം മാമകം മാടിവിളിക്കുന്നി-
താനന്ദദേവതേ നിന്നെ
പോരിക പോരിക ശപ്തനിരാശതൻ
കൂരിരുളൊക്കെയും പോയി.

മഞ്ഞിലുതിരുമിളവെയിൽമാതിരി
നെഞ്ഞിലുല്ലാസം കൊളുത്തി

Digitized By Kerala Sahitya Akademi

ഭാവസാന്ദ്രോജ്ജ്വലസ്വപ്നാനുഭൂതികൾ
ദേവനൃത്തത്തിനായെത്തി
പോരിക പോരിക മാരകോദ്വേഗത്തിൻ
മാരിക്കാറൊക്കയും മാറി! —

ഏകാന്തശാന്തിതൻ വീണ മീട്ടുന്നു ഞാ-
നേകൻ നിനക്കാത്മഹർഷം.

ഏഴ്

വിജയഗർവ്വത്താൽ വികൃതമല്ലയേ
ഭജനലോലുപേ ഭവതിതൻമനം.
ജനിതരാഗമിന്നതിൽസ്ഥിതാങ്കുരം
പനിമലരിലും പരം മനോഹരം.
പ്രണയപൂർണ്ണമെൻ ഹൃദയമിപ്പൊഴും
പുണന്നിടുന്നതുണ്ടതിൻ പരിമളം.

പ്രശാന്തഭാസുരപ്രസന്നഭാവനാ-
വിശാലമേഖലയ്ക്കകത്തനാരതം
ചിറകടിച്ചടിച്ചുപഗതാകുലം
പറന്നു പാടുമെൻ ഹൃദയകോകിലം,
ശിവപ്രചോദനമതിന്നു നൽകിയ
സുവർണ്ണരശ്മിതൻ മഹൽഗുണഗണം!

വിധി വിധിച്ചൊരീ വിയോഗദുർവ്വിധി
വിധിതസിതങ്ങൾക്കു വിവേകത്തിൻനിധി!

Digitized By Kerala Sahitya Akademi

## എട്ട്

വിസ്മയദർശനേ നിന്നെയൊന്നു
വിസ്മരിക്കാനെനിക്കൊത്തുവെങ്കിൽ
പൂവിരിച്ചെന്തിനോർക്കാതെ നീയെൻ
ജീവിതവീഥിയിലാഗമിച്ചു.
ചിന്തിച്ചിരിക്കാതിതുവിധം നീ-
യെന്തിനെൻ പ്രാണനിൽ ചേർന്നുപററി?—

താമരപ്പൊയ്കപോൽ ശാന്തമായ
മാമകജീവിതമെത്രവേഗം
നേരിട്ടിടാനിടയായി കഷ്ടം
വാരിധിക്കൊപ്പമിക്കോളിളക്കം
നിശ്ചയം മൃത്യുവിൻ സ്പർശമേറെ
നിശ്ചലമാകാനതിനു പററൂ—

എങ്കിലുമില്ല പരാതി ചെററും
ശങ്കിച്ചിടായ്കിന്നെനിക്കു നിങ്കൽ!

## ഒമ്പതു്

സോമലേഖ കണ്ണഞ്ചിച്ചിരിക്കു-
മീ മധുരശിശിരനിശയിൽ,
പാല പൂത്ത പരിമളം തെന്നൽ-
ച്ചോലയിൽത്തത്തിയെത്തുന്ന നേരം
എന്മനസ്സിൽക്കിളരുന്നിതോരോ
പൊന്മയങ്ങളാമോമൽസ്മൃതികൾ.

Digitized By Kerala Sahitya Akademi

പോയനാളുകൾതൻ കളിത്തോപ്പിൽ
ഛായകൾ കരം കോർത്തു നിന്നാടി
സ്ഫീതമോദം മൃദുസ്മിതം പെയ്തെൻ
ചേതനയെ വിളിക്കുന്നു മാടി.
നൊന്തിടുകിലും മേൽക്കുമേലേവ-
മെന്തിനായ് ഞാൻ കുതറുന്നു പേർത്തും?

തട്ടിമാററുന്നു നിഷ്ഫലം ഹാ ഞാൻ
പൊട്ടിടുകില്ലിച്ചങ്ങല, പക്ഷേ.

പത്ത്

അകലെനിന്നകലെനിന്നൊരുനേർത്ത കളകള-
മകതളിർ പുൽകിപ്പുൽകിപ്പുളകം ചേർപ്പൂ.
പ്രണയപ്രദീപ്തമാമൊരുപഹാരസ്മിതവുമായ്
പ്രണമിപ്പൂ മമ ജീവനതിനു മുന്നിൽ.
ദുരിതങ്ങളഖിലവും ക്ഷണനേരം മറന്നു ഞാൻ
പരിചിൽച്ചേർന്നലിവിതാക്കളകളത്തിൽ!

മമ ലോകജീവിതം ഹാ മരുഭൂവായെങ്കിലെന്തീ
മമതതൻ ശാദ്വലം ഞാൻ തഴുകിയല്ലോ!
സകലവുമകലട്ടേ പകവീട്ടി ത്തെളിയട്ടേ
വികലമല്ലെനിയ്ക്കുമെൻെറ വിമലഹർഷം.
പുണരുക, പുണരുകെൻ വിജനതേ, മമ ദിവ്യ-
പ്രണയസാമ്രാജ്യത്തിന്നിതൻ പ്രതിനിധി നീ!
സുഖമല്ലാ സുഖമെന്നു കരുതിയ സുഖമൊന്നും
സുഖമേ, നീ മരീചികാലഹരിയാണോ?

Digitized By Kerala Sahitya Akademi

### പതിനൊന്ന്

പൊൻകിനാക്കൾതൻ കാൽച്ചിലമ്പൊലി
തങ്ങിടുന്നൊരീ വീഥിയിൽ,
പിന്തുടരുകയാണതിനെ ഞാ-
നെന്തുമായികാവേശമോ!
ഇല്ല മിന്നാമിനുങ്ങൊളിപോലു-
മില്ല—ക്കൂരിരുൾ ചുററിലും!—

എത്ര ദേശമാണേതു ഭാഷയാ-
ണേതുമില്ല മേ നിശ്ചയം.
ഹാ, തനിച്ചൊരദൃശ്യശക്തിയാൽ
നീതനായേവമിങ്ങു ഞാൻ.
എന്തിനാണാരറിഞ്ഞു, മുള്ളേററു
നൊന്തിടുന്നിതെൻ കാലുകൾ—

എങ്കിലും, ഹാ, ചിരിപ്പു ഞാ, നേതോ
പൊൻകിനാക്കൾതൻ ചിന്തയിൽ!

### പന്ത്രണ്ട്

പരികരികിൽ ഗ്രീഷ്മപ്രഭാവമേ, നിൻ
പൊരിവെയ്‌ലിൽപ്പൊള്ളുവാൻ ഞാൻ കൊതിപ്പൂ.
നിഴലിൽവെറും ശൈത്യം, ജഡതാമേകും
മഴമുകിലിൻ മൂടലതാക്കുവേണം?
സിരകളുണർന്നുദ്രിക്തരക്തനായ് ഞാൻ
സ്മരണകൾതൻകണ്ണും ഞെരിച്ചിടട്ടെ!

Digitized By Kerala Sahitya Akademi

നിണമൊഴുകി വീണു ചിറകടിയ്ക്കും
പ്രണയമയചിന്തയ്ക്കു ഭംഗി കൂട്ടം
അതിരസമുണ്ടോക്കിലടുത്തു കാണാ-
നതിനെഴുമാ ദുസ്സഹപ്രാണദണ്ഡം.
അവശമതു ദാഹിച്ചു വാ പിളക്കെ-
ജ്ജവമിടണം പൊള്ളും മണലതിങ്കൽ
വരിക വരികുഗ്രമാം വേനലേ നീ!
പൊരിയണമെനിയ്ക്കുനിൻ തീവെയിലിൽ!

## പതിമൂന്ന്

അരുളിയെൻകാതിൽപ്രകൃതി:—"ഞാൻനിന്നിൽ-
ക്കരുണയാൽ നിന്നെക്കവിയാക്കി
സുമനസ്സൊത്ത നിൻസുമനസ്സിൽ, പ്രേമ-
ഹിമകണം പെയ്തുജ്ജ്വലമാക്കി.
ഫലമെന്തുണ്ടായി?—കവിയേക്കാൾ കഷ്ട-
നിലയിൽച്ചെന്നെത്തി ചപലൻ നീ!"

"ശരിയാണംബികേ, ശരിയാണോതി ഞാ-
നെരികയാണിന്നെൻമനമതിൽ!
ചുടുകാടാക്കി മന്മഹിതജീവിത-
മടുമലർക്കാവീ മഹിയിൽ ഞാൻ!
അനുഭവജ്ഞാനമവസാനത്തിലാ-
ണനുശയം ചേപ്പിതടിയനിൽ!"

Digitized By Kerala Sahitya Akademi

വരികില്ലേ തെററു, നരനല്ലേ, മാപ്പു-
തരികില്ലേ ദൈവം, കരയല്ലേ!

പതിനാല്

ദേവി, നിന്നെജ്ജീവിതത്തിൽക്കണ്ടുമുട്ടിടാഞ്ഞി-
ലീവിധം ഞാൻ കണ്ണുനീരിൽ മുങ്ങുമായിരുന്നോ?
നീയൊരല്പമോമൽ നോക്കകെൻമനസ്സിൽ മേന്മേൽ
തീയൊടുങ്ങാതീവിധമെരിയുമായിരുന്നോ?
ഞാനഖിലം സന്ത്യജിച്ചെൻ ജീവിതത്തിലേവം
മ്ലാനചിത്തനായ് സ്വയം നശിക്കുമായിരുന്നോ?

ഇല്ല, ദേവീ, നിശ്ചയമായില്ല ഞാനീ മന്നിൽ
വല്ല കോണിലാകിലും സംതൃപ്തനായ് വാണേനെ.
ഈ വിധത്തിൽ ക്ഷുബ്ധമായിത്തീർന്നിടാതെൻ ശാന്ത-
ജീവിതമൊലിച്ചൊലിച്ചങ്ങാഴിയിൽ ചേർന്നേനേ!
ഘോരമാം ചിന്താനലനിലെൻജഡം ദഹിച്ചാ-
ച്ചാരമെങ്കിലും പരമശാന്തി നുകർന്നേനേ!

ഇല്ലതിനു മാർഗ്ഗമിനിയാമരണംപോലു-
മില്ല ശാന്തി നൽകുകില്ലെനിക്കു തെല്ലും ദേവി!

പതിനഞ്ച്

അണിയിട്ടണിയിട്ടരികത്തണയും
ക്ഷണികോന്നതിതൻ മഴവില്ലുകളേ
മമതാമധുരം മതിയെന്നരുളൂ;
മമ മാനസമാം മയിലിൻ നടനം

Digitized By Kerala Sahitya Akademi

ഇനി വൈകരുതേ, മറയൂ, മിഴിനീ-
രിനിയും വഴിയാനിടയാക്കരുതേ!

മൃഗകല്പനിവൻ മൃതസദ്വിഭവൻ
മൃഗതൃഷ്ണകളിൽ കൊതിപൂണ്ടുഴറി
മദസങ്കലിതം ചപലം ചരിതം
ഹൃദയം വിവിധഭ്രമസഞ്ചലിതം
കടിഞ്ഞാണെവിടേ വഴിയേതിരുളാ-
ണടിതെറ്റുകിലോ പിടിവിട്ടിനി ഞാൻ
വരണേ, തരണേ, തവ ദർശനമെൻ
നിരഘോജ്ജ്വലമാം കിരണാങ്കുരമേ!

പതിനാറ്

നവനവോൽക്കർഷസോപാനപംക്തിക-
ളവസരോചിതം പിന്നിട്ടു കേറി നീ
അദരിതഭാഗ്യശൃംഗത്തിലെത്തുവാൻ
ഹൃദയപൂർവ്വകം പ്രാർത്ഥിച്ചിടുന്നു ഞാൻ.
നിഴൽ, വിരിയ്ക്കാനിടയാകരുതഴ-
ലഴകെഴുമാ മുഖത്തൊരുകാലവും!

തവ സുഖോദന്തമെന്നുമേകീടുമെ-
ന്നവശചിത്തത്തിനാശ്വാസലേപനം
രജതരേഖകൾ പാകുമച്ചിന്തയെൻ
വിജനതതൻ തമോമയവേദിയിൽ

Digitized By Kerala Sahitya Akademi

ഉടലുമാത്മാവുമൊന്നുപോലക്ഷണം
സ്ഫുടസുഖാപ്തിയിൽ കോരിത്തരിച്ചിടും.
സകലവും സ്വയം സന്ത്യജിക്കുന്നു നി-
ന്നകലുഷോജ്ജ്വലപ്രേമത്തിനായി ഞാൻ!

പതിനേഴ്

എന്തിനെ വിശ്വസിക്കാം ലോകത്തിൽ, ഹൃദയത്തി-
നെന്തിന്റെ തണൽത്തട്ടിൽ വിശ്രമിക്കാം.
കേവലം ചലജ്ജലബുദ്ബുദം, സൌഹൃദം, ഹാ
ഭാവജസ്വപ്നം മാത്രം മധുരപ്രേമം.
ഭൃതിദസുധാമയം വാത്സല്യം—പക്ഷേ മററൊ-
ന്നുതിയാൽ വീണുപോമോരമ്പലപുഷ്പം.

എന്തിനെ പ്രിയപ്പെടാം ലോകത്തിൽ ജീവിതത്തി-
ലെന്തിനിസ്സുസ്ഥിരമെന്നാശ്വസിക്കാം?
സർവ്വവും ക്ഷണികങ്ങൾ, സർവ്വവും ചഞ്ചലങ്ങൾ
സർവ്വവും വഞ്ചകങ്ങൾ, മായികങ്ങൾ.
പ്രാരംഭം സുഖമയം, ഹർഷദം, സമസ്തവും
പാരം ശോകാപകീർണ്ണം ജഗത്തിലന്ത്യം.

എന്നാലും പ്രണയമേ നീ മതിയെനിക്കിണ്ടൽ
തന്നാലും നിത്യം നിന്നെപ്പുണർന്നിടും ഞാൻ!

പതിനെട്ട്

ആ നല്ലകാലം കഴിഞ്ഞു—ചിത്തം
മ്ലാനമായ്ത്തീർന്നു കഴിഞ്ഞു.

Digitized By Kerala Sahitya Akademi

ഹർഷങ്ങളെല്ലാം മറഞ്ഞു—ബാഷ്പ-
വർഷത്തിൻ രംഗമണഞ്ഞു.

ദീപങ്ങളൊക്കെപ്പൊലിഞ്ഞു—ജീവൻ
സന്താപതമസ്സിലലിഞ്ഞു.

എന്നിനിപ്പുൽകുമുദയം—കഷ്ടം
വന്നിടുമെന്നഭ്യുദയം?

നശ്വരമാം സ്വപ്നജാലം—മന്നിൽ
വിശ്വസിച്ചീടിന മൂലം

തപ്തമാം ഹൃത്തവമാർന്നു—ഹാ, ഞാൻ
ശപ്തരിൽ ശപ്തനായ്ത്തീർന്നു.

കൈവരിപ്പേനാത്മഹോമം—പക്ഷേ
കൈവല്യദമാണി പ്രേമം!

പത്തൊമ്പതു്

ഇനി വരികയില്ലയോ നിങ്ങളും ചാരെയെൻ
കനിവിയലുമുജ്ജ്വലസ്വപ്നശതങ്ങളേ?
നിറമുടയ പീലി നിവർത്തിയാടിച്ചെന്നു
മറവിയുടെ പിന്നിൽ മറഞ്ഞിതോ നിങ്ങളും?

വരിക വരികേകനാണാർത്തനാണിന്നു ഞാൻ
തരിക തവ ദർശനം—കേണിരക്കുന്നു ഞാൻ.

ധരണിയതിലേററവും നിന്ദ്യനാണെങ്കിലും
നരരിലധമന്മാരിലഗ്രസ്ഥനാകിലും
സുരുചിരസുധാർദ്രമാം നിങ്ങൾതൻസുസ്മിത-
മൊരുദിവസമെങ്കിലുമോർക്കാതെയില്ല ഞാൻ!

Digitized By Kerala Sahitya Akademi

രജയിലിത വീപ്പിട്ട വീപ്പിട്ട മന്ദനം
വിജനതയിൽമാടി വിളിപ്പൂന്നു നിങ്ങളെ.

അലിവിയലുകില്ലയോ വീണ്ടുംവരില്ലയോ
മലിനതയെഴാത്തൊരെൻ പൊന്നിൻകിനാക്കളേ?

ഇരുപതു്

മടുത്തു ജീവിതമെനിക്കുമഹിയിൽ മനസ്സുഖം നൽകാ-
നടുത്തുവരുവിൻ, വരുവിൻ വരുവിൻ കിനാക്കളേ
(നിങ്ങൾ.
ജഗത്തിലിവനെച്ചതിച്ച പലതും ജയസ്മിതം ചാൎത്തി
മുഖത്തിലധികം മദിച്ച മലിനോത്സവങ്ങൾ ഞാൻ തേടി
എനിക്കു ഭവനം നരകസമാനം പ്രശസ്തമായ്ത്തീൎന്നു
തനിച്ചുവിടുവിൻ തമസ്സിലിവനെ ഭ്രമങ്ങളേ നിങ്ങൾ!

ഒരിക്കലിവനോടടുക്കിലഖിലം മടുത്തുമാറുന്ന
മരിക്കിലിവനെ സ്മരിച്ചുകരയാനൊരുത്തനില്ലല്ലോ.
അടുത്തു പലതും മധുരിമ ചോരും വചസ്സു വൎഷിച്ചി-
ട്ടൊടുക്കമൊരുപോലൊളിച്ചു ചതിയിൽക്കുഴത്തറുത്തോടും
അവസ്ഥമൊരുനാളറുതിവരില്ലേ, സമാശ്വസിപ്പു ഞാൻ
ശവത്തെയും ഹാ പകയോടു പഴുതേ ചവിട്ടുമീലോകം!-

ഇതിങ്കലെന്തിന്നമലതവഴിയും സനാതനപ്രേമം
കൊതിച്ചു സതതം കുതിപ്പിതയ്യോ, വൃഥാ മനസ്സേ നീ?

ഇരുപത്തൊന്നു്

താരകങ്ങളൊളി ചിന്നിമിന്നുമൊരു
ശാരദശ്രീനിശീഥമേ!


Digitized By Kerala Sahitya Akademi

ലോലരാജതവലാഹകാകലിത-
നീലനിർമ്മലവാനമേ!
ആരചിപ്പിതനുഭൂതി നിങ്ങളുഴൽ
വേരകററിയെൻ ജീവനിൽ

ധ്യാനലോലമമലാനുരാഗമയ-
ഗാനസാന്ദ്രമെൻ മാനസം
കാമരേഖകളകന്നകന്നനഘ-
സാമഭാവോദയാങ്കിതം!
വ്യക്തിയൊന്നിനൊരുപാധിയാണഖില-
ശക്തിയോടടുപ്പിക്കുവാൻ.
മുക്തമോഹനലിവാർന്നനിൻ പരമ-
ഭക്തനിന്നു ഞാൻ സ്നേഹമേ!

(16)

അന്തരംഗത്തിൽ വിഷാദം കൊളുത്തുവാ-
നെന്തിനുദിച്ചു നീ വെള്ളിനക്ഷത്രമേ?

(17)

നിശ്ചലഭൂതകാലനിർജ്ജനഗൃഹം വിട്ട-
നിസ്തുല നീയെൻ വീട്ടിൽ വിരുന്നുവന്നു.

(18)

പരിചയംപോലും പറയുവാനില്ലാ-
തിരുളിലെൻ സ്വപ്നശകലങ്ങൾ
കിരണമേ നിന്നെത്തിരയുന്നു, നിൻെറ-
പരമനിർവൃതി നുകരുവാൻ!

Digitized By Kerala Sahitya Akademi

(19)

നാമൊരുമിച്ചന്നിരുന്നിടാറുള്ളൊര-
ച്ചേമന്തികാവനച്ചേലണിച്ഛായയിൽ
മഞ്ഞുനീരാളം വിരിച്ചുകൊണ്ടിപ്പൊഴും
മഞ്ഞണിക്കുന്നിൽ വരുന്നുണ്ടിളവെയിൽ!

(20)

പ്രണയഭാരംകൊണ്ടിനിയൊരക്ഷര-
മരുളുവാൻപോലുമരുതാതെ
മരുവുന്നു നിന്റെ വരവും കാത്തു ഞാൻ
മഹിതചൈതന്യസ്ഫുരണമേ!—

(21)

ഇങ്ങിനിമേലിൽ വരാത്തതുമാതിരി-
യെങ്ങു മറഞ്ഞു നീയപ്സരസ്സേ!—

Digitized By Kerala Sahitya Akademi

# സംതൃപ്തി

അനുപമോജ്ജ്വലയുവതയാലല-
മനുഗ്രഹീതമാം, തവ കളേബരം—
മദപരവശവിശാലപേശലം—
മദങ്കരംഗകമലങ്കരിപ്പൂവേ;
ഹൃദയരഞ്ജനേ, പരിണതാനന്ദ-
മൃദുലസംഗീതം കിളർന്നിടുന്നു മേ
കവിഞ്ഞൊഴുകുന്നു മദീയമാനസം
കവനസാന്ദ്രമാം വികാരവീചികൾ
നവനവോല്ലാസം തളിർത്തുനിന്നിടും
ഭുവനസൌഭാഗ്യകനകശൃംഗത്തിൽ
പ്രതിഷ്ഠിതങ്ങളായ്ക്കഴിഞ്ഞു, മൽസുഖ-
പ്രതാപജീവിതജയപാതകകൾ!
പ്രണയശീതളത്തണലി,ലുന്മദ-
പ്രസന്നചിന്തകൾക്കഭയമേകി, നീ!

തെളിഞ്ഞ താരകൾ നിറഞ്ഞ നിർമ്മല-
ലളിത നീലവിൺനികുഞ്ജകത്തിൽ, നാം
ഇതുവിധം മേലും കഴിഞ്ഞുകൂടിയാൽ
മതി;—മറെറന്തിലും കൃതാർത്ഥനാണു, ഞാൻ!!..

(22)

ഹേമന്തകാലത്തൊരോമൽപ്പുലരിയിൽ
ഞാനക്കവിതയെ കണ്ടുമുട്ടി.

Digitized By Kerala Sahitya Akademi

മഞ്ഞിലിളവെയിൽ വീണൊരു നൂതന-
മഞ്ജിമ മന്നിനെപ്പുൽകി നിൽക്കേ;
നീലക്കടമ്പുകൾ പൂത്തുനിരന്നൊര-
ച്ചോലക്കരയിലൂടേകയായി
നീരിൽ നനഞ്ഞ പനങ്കുലയൊത്തൊരാ-
നീലക്കാർക്കൂന്തലും മാടിമാടി
സ്നാനംകഴിഞ്ഞാവിലാസിനിയങ്ങനെ
നാണംകുണുങ്ങി നടന്നുവന്നു.

ചിത്രം വരച്ചപോൽ ചുററും പലപല
പച്ചിലക്കാടുകൾ തിങ്ങിനിന്നു.
നാനാവിഹംഗവിഹരിതവിസ്തൃത-
കാനനവീഥിയിലാകമാനം
നേരിയോരോരോമൽക്കളകളസംഗീത-
സാരം തുളുമ്പിത്തുളുമ്പിനിന്നു.
അപ്പോൾ വിടററ മലരിൻപരിമള-
മദ്ദിക്കിലൊക്കെപ്പരന്നിരുന്നു!—
ആ മനോമോഹനദർശനമാവിധം
രോമഹർഷപ്രദമായിരുന്നു!—
പ്രാണനൊരോമനസ്വപ്നാനുഭൂതിയിൽ
വീണ വായിക്കുന്നതായിരുന്നു!—

കോരിത്തരിപ്പിലാണിന്നുമെന്നാത്മാവ-
ക്കോമളസ്വപ്നമൊന്നോർത്തുപോകെ;
കർമ്മബന്ധത്തിന്റെ കണ്ണി,യന്നാദ്യമായ്
കൺമുനകൊണ്ടു മുറുക്കി ഞങ്ങൾ
അന്നുമുതൽക്കൊരു പൊന്മുകിൽത്തോണിയി-
ലൊന്നിച്ചു പാടി രസിച്ചു ഞങ്ങൾ.

Digitized By Kerala Sahitya Akademi

മാരിവിൽ പൂത്ത മരത്തിന്റെ കൊമ്പത്തു
നേരിയോരൂഞ്ഞാലിലാടി ഞങ്ങൾ.

സുന്ദരചക്രവാളത്തിനുമപ്പുറം
ചന്ദ്രികാധാരയിൽ നീന്തി ഞങ്ങൾ.

മദ്ദനത്തിന്റെ വിഷഫലം കായ്ക്കുമാ
മർത്ത്യന്റെ നീതി മുളച്ചിടാതെ

മിന്നുമൊരജ്ഞാതനന്ദനോദ്യാനത്തി-
ലൊന്നിച്ചിരുന്നു രസിച്ചു ഞങ്ങൾ!

അസ്സുഖ,മസ്വപ്ന,മസ്വർഗ്ഗമോർക്കുമ്പോ-
ളശ്രു തടുക്കാൻ ഞാനിന്നശക്തൻ.

കാണുന്നതന്നെല്ലാം കാമദസ്വപ്നങ്ങൾ
പ്രാണാനുഭൂതികൾക്കാസ്പദങ്ങൾ.

തങ്കക്കിനാക്കളെത്താലോലിച്ചങ്ങനെ
സങ്കല്പസായൂജ്യമേഖലയിൽ
സഞ്ചരിച്ചീടിന ഞങ്ങൾക്കൊരത്ഭുത-
സംഗീതകേന്ദ്രമായ്ത്തീർന്നു വിശ്വം!

Digitized By Kerala Sahitya Akademi

# അർപ്പണം

ആകമ്രസ്മരത്താൽ നിഷ്പ്രയാസം
ലോകം മയക്കമക്കാമദേവൻ
തെല്ലെൻ മനസ്സും വശീകരിച്ചാൽ
ചൊല്ലിതിലത്ഭുതമെന്തു, തോഴീ?
അമ്പിളിവിണ്ണിലുദിച്ചയന്നാ-
ലെന്തിനിളകണം വീചികകൾ?
തെന്നലെക്കണ്ടാലാ വല്ലരികൾ
നിന്നുകുണുങ്ങുന്നതെന്തിനായി?
ഞാനുമതുപോലറിഞ്ഞിടാതൊ-
രാനന്ദത്തിന്നു വിധേയനായി
അക്കാമദേവൻെറ കാൽത്തളിരിൽ
മൽക്കരളെന്തിനോ കാഴ്ചവെച്ചു!!...

———

## (23)

കൗതുകദായകാ, ഹൃദയനായകാ
കുസുമസായകാ സതതം ഞാൻ
അവിടുന്നെന്നടുത്തണയുമെന്നോർത്തോർ-
ത്തവിരാമോന്മാദം നുകരുന്നു.
ചപലകളാമെൻ സഖികളുടെയെ
ച്ചതിയനായ്ക്കുററം പറകിലും
ഇതുവരെ നേരിട്ടുവിടത്തേക്കാണാ-
നിടയാവാതേവം കഴികിലും,
ഒരു വിശ്വാസത്തിൻ സുഖസമാശ്വാസ-
പരിമളമെന്നെപ്പുണരുന്നു.

Digitized By Kerala Sahitya Akademi

# സ്വപ്നസ്മൃതി

ഭാവനാമനോജ്ഞമെന്നോമനസ്വപ്നത്തിലെൻ
ജീവനായകാ, ഭവാനെത്തിയെൻ സവിധത്തിൽ.
ജന്മവാസന പൂത്തു സൌരഭം തുളമ്പുന്ന
നിർമ്മലനികുഞ്ജത്തിലുറങ്ങിക്കിടന്നു ഞാൻ.
ഹേമന്തനിശീഥമെൻ ചുററിലും നിലാവിനാ-
ലാമന്ദം വിരചിച്ചു നിഴലും വെളിച്ചവും.
സാവധാനത്തിലെന്നെപ്പുണർന്നിതേതോ ദിവ്യ-
സായൂജ്യപരിമളം കിളർന്ന മന്ദാനിലൻ.
കർമ്മബന്ധത്തിൻ തളിർമെത്തയിലേവം കിട-
ന്നങ്ങയെ ധ്യാനിച്ചു ഞാനറിയാതുറങ്ങിപ്പോയ്!

* * *

ആ മയക്കത്തിൽ—സ്വർഗ്ഗസായൂജ്യസമ്പർക്കത്തിൽ
കോമളം തവ രൂപം കണ്ടു ഞാൻ ജാതോല്ലാസം.
മിന്നലാൽ ജ്വലിക്കുന്ന, തെന്നലാൽ ചലിക്കുന്ന
നിന്നനാദ്യന്താകാരം, നിഹ്നുതപ്രഭാപൂരം
പൂക്കളാൽ ചിരിക്കുന്ന നിന്മുഖം, നക്ഷത്രത്താൽ
മേൽക്കുമേൽ ധ്യാനിക്കുന്ന നിന്മനം ദർശിച്ചു ഞാൻ!
കരകാണാതെയോളംവെട്ടിടുമഗാധമാം
കടലാൽ ചിന്തിക്കുന്ന നിന്നെ ഞാൻ കണ്ടു നീയായ്!
കാമദേവനേപ്പോലെ കാന്തവിഗ്രഹനായി-
ക്കാനനപുഷ്പം പോലെ ശാന്തനായ്, പ്രസന്നനായ്,
അവിടന്നെൻ ചാരത്തു വന്നുനിന്നപ്പോഴ്, ഹർഷ-
വിവശം തല താഴ്ത്തിപ്പോയി ഞാൻ ലജ്ജാധീരം.

Digitized By Kerala Sahitya Akademi

ഇത്ര നാളാരെ ധ്യാനിച്ചാരുടെ സമാഗമ-
നിസ്തുലനിർവ്വാണത്തിന്നെന്മനമുഴന്നുവോ,
ആ പ്രേമസ്വരൂപനാമവിടുന്നെൻ ചാരത്തൊ-
ന്നെത്തുക; ഹർഷോന്മാദമെൻമനം തുളുമ്പിപ്പോയ്!

*　　*　　*

വൃന്ദാവനത്തേക്കാളും പ്രണയോജ്ജ്വലമാമ-
സ്സുന്ദരരംഗത്തിലെസ്സായൂജ്യം മുഴവനും,
ഒരു ചുംബനത്തിങ്കലൊതുക്കി,സ്സാമോദമെൻ
പിറകൊണ്ടീടും ചുണ്ടിലർപ്പിച്ചു ഭവാൻ പോയി.
മൽസ്വപ്നം തീർന്നു; ഞെട്ടിയുണർന്നു മുന്നേപ്പോലെ
വിശ്വത്തിലേക്കുവീണ്ടുമെന്മിഴി തുറന്നു ഞാൻ!
വിരഹം, ഹാ ഹാ, പൊള്ളും വിരഹം!—ഹൃദയത്തി-
ലൊരു വേദന പെട്ടെന്നനുഭവിച്ചാളിക്കത്തി
എന്മിഴി നിറഞ്ഞു; മൽസ്വപ്നകാമുകരൂപ-
മെങ്ങുപോ,യെന്മുന്നിലെ,ന്തൊക്കെയുമേകാന്തത്വം!
എങ്കിലുമെന്തോ സ്വപ്നചുംബനമനശ്വര-
മെൻകൊച്ചുസിരകളിൽക്കൂടിയും കലർന്നല്ലോ!
അതിൻെറ ചൈതന്യത്തിലതിൻെറ നൈർമ്മല്യത്തി-
ലതിൻെറ കൈവല്യത്തിൽ കാണ്മു ഞാനെൻസർവ്വസ്വം.
അസ്സുഖസ്മൃതിയുടെ വാടാത്ത വെളിച്ചത്തി-
ലപ്രേമസ്വരൂപനെ ധ്യാനിച്ചും മോഹിച്ചും ഞാൻ
അദ്ദേവനായിക്കൊണ്ടൊരോമനമലർമാല്യം
സദ്രസം രചിക്കട്ടെ പുതുപൂക്കളാൽ വീണ്ടും!

Digitized By Kerala Sahitya Akademi

(24)

വന്ദനം ശകുന്തളേ, കാളിദാസൻതന്നാത്മ-
സ്പന്ദനം സത്യപ്രേമം കടഞ്ഞ കലാസത്തേ!
നീ വെറും സാവിത്രിയ,ല്ലുർവ്വശിയല്ലാ, ശങ്കാ-
പാവകൻ പൊള്ളിയ്ക്കാത്ത പൊള്ളസ്സീതയുമല്ല
നിൻ നിഴലവർക്കൊക്കെക്കൊടുത്തു ജന്മം, നീയോ
നിർമ്മലത്വത്തിൻ നിത്യചൈതന്യക്കാമ്പായ് നിൽപൂ!
മരിച്ചു വിശ്വാമിത്രൻ നിനക്കു ജന്മം തന്നോൻ
മരിയ്ക്കാ കാളിദാസൻ നിനക്കു ജീവൻ തന്നോൻ!

—അപ്പുണ്ണം.

(25)

സരളേ നിന്മച്ചിൻകിളിവാതിൽക്കലെൻ
സകലശക്തിയുമകലുന്നു.
ഇരുളിലേകാന്തസരണിയിൽക്കൂടെ-
ന്നിരുകാലും മുന്നോട്ടണയുന്നു.
അവിടെയെത്തുമാ നിമിഷമെൻ ബോധ-
മഖിലമെങ്ങോ പോയ് മറയുന്നു!

(26)

എന്നുമേകാന്തവാടിയിൽച്ചെന്നു
നിന്നെയോർത്തോർത്തു കേഴുവാൻ
കാതരേ നിൻ വിയോഗചിന്തതൻ
വേദനകൾ നുകരുവാൻ
സംഗതിയാക്കി കാലമെങ്കിലും
സങ്കടപ്പെടുകില്ല ഞാൻ.

ത്വൽസമാഗമശിഞ്ജിതം കേൾപ്പാ-
നുത്സുകനായി നിത്യവും.

Digitized By Kerala Sahitya Akademi

അന്തിനേരം ഞാൻ കാത്തിരിപ്പുമ-
ക്കന്ദസുന്ദരകഞ്ചുകം
ഇന്നും വീശുന്നുണ്ടേതോ പൊയ്പോയ
പുണ്യലബ്ധിതൻ സൌരഭം
സുസ്മൃതിയിലതാനയിപ്പുയാ-
ണസ്മദാമലമാനസം.
ചിത്തമോരോരോ ചിന്തയാലിലം
തപ്തമായിടാമെങ്കിലും
അപ്പൊഴൊക്കെയും നിന്നിലൂടെ ഞാ-
നിപ്രകൃതിയെക്കണ്ടിടും.

Digitized By Kerala Sahitya Akademi

# ആശ

ശിശിരവായുവിലിതൾ വിടർന്നാടും
മൃദുലമന്ദാരമുകുളംപോൽ
കവനസാന്ദ്രമായ് വിരിയുന്നെൻ മനം
ഭവദീയസ്നേഹലഹരിയിൽ
ഹൃദയനാഥ ഞാൻ പ്രണയമാധുരി
വഴിയും ചിന്തതൻ തിരകളിൽ

വിജനവേളയിൽ മുഴുവനും മന്ദ-
മൊഴുകിപ്പോകയാണെവിടെയോ!

പുളകത്തിൻ മാറിൽ തലചായ്ച്ചെൻ ചിത്തം
പരമനിർവ്വാണമടയുമ്പോൾ

പ്രകടമൂകമാം പ്രണയസ്വപ്നങ്ങ-
ളകമഴിഞ്ഞെന്നെത്തഴുകുമ്പോൾ

മധുരചുംബനസുലഭസങ്കല്പം
മടിയിൽ വെച്ചെന്നെപ്പുണരുമ്പോൾ

സ്ഥലകാലങ്ങൾതൻ ക്ഷണികസീമകൾ
സകലവും പിന്നിട്ടതിവേഗം

ചിറകെഴുമൊരു മുരളീഗാനംപോൽ
പിരവിൽ ഞാൻ മേലോട്ടുയരുന്നു.

ലളിതമർമ്മരം മുഖരമാവന-
മിളകുമീ മന്ദപവനനിൽ.
അരിയ മല്ലികാപരിമളമായ്ത്തീ-
ർന്നരികിലെങ്ങാനൊന്നണയുകിൽ

Digitized By Kerala Sahitya Akademi

സുരഭിലമാക്കും സുലളിതാംഗ നിൻ
സുഖസുഷുപ്തികൾ മുഴുവൻ ഞാൻ!

ചൊരിയുന്നു ചന്ദ്രൻ കുളിർനിലാവെങ്ങും
തരളതാരകൾ തെളിയുന്നു.
അകലെപ്പൂങ്കാവിലമരും രാക്കുയി-
ലമൃതസംഗീതം പൊഴിയുന്നു.
സകലവും ഭദ്രം; പരമശാന്തം, ഹാ!
സവിധത്തിൽ ഭവാനണയുകിൽ!!......

(27)

ഒരു കൈയിലമൃതവുമൊരുകൈയിൽ വിഷവുമായ്
പുരുഷാ നിൻ മുന്നിൽനിന്നവൾ കുണുങ്ങി.
അവൾതൻ കടമിഴി നിമ്മിഴി തഴുകി—നിന്നാത്മാവി-
ലായിരം മിന്നലുകളിളകിയാടി.
പുളകാങ്കുരവലയാങ്കിതലളിതാലസമൃദുലാംഗി-
യുളികാഭയിലളകാളികളിളകിയാടി!
അവൾതൻ ചെഞ്ചൊടിനിൻ ചൊടിയെയൊന്നമർത്തി,നിന്നി-
ലാടിയനുഭൂതികൾ പീലി നീർത്തി.
ഒരു കൈത്തളിർവിരലാലവൾ നിൻ കവിളിൽത്തട്ടി നിന-
ക്കൊരു പുളകസാമ്രാജ്യം തീറു കിട്ടി.
അവൾ മുടിയിൽനിന്നൊരു മല്ലപ്പൂവിതളെടു-
ത്തെച്ചിച്ചു നീ നിന്നെ വിസ്മരിച്ചു.
കെട്ടിയവൾ നിന്നെപ്പുണർന്നു, കുളിർമുലമൊട്ടുകൾ
മുട്ടി നിന്മാറിൽ—നീ ബോധംകെട്ടു!

Digitized By Kerala Sahitya Akademi

(28)

അരിയ കലാശാലാജീവിതത്തി-
ലവനൊരു തോഴിയെക്കണ്ടുമുട്ടി.
അവളുടെ നീലിച്ച കൺമുനക-
ളവനെപ്പുണർന്നൊരു ദേവനാക്കി.
അവളുടെ നേരിയ പുഞ്ചിരിക-
ളവനകക്കാമ്പിൽക്കവിത വീശി!
അതുമുതലാനന്ദലോലനായി-
ട്ടവളെ വന്ദിച്ചവൻ പാട്ടു പാടി.
അവനുടെ ഗാനതരംഗിണിയി-
ലവളറിയാതെ ലയിച്ചുപോയി!
വിവിധാനുഭൂതികളേകിയേകി-
ട്ടിവ സങ്ങളങ്ങിനെ വന്നുപോയി.

2

അരവിന്ദൻ വന്നുപിറന്നു ചുണ്ട-
ത്തൊരു വെള്ളിക്കിണ്ണമായിജ്ജഗത്തിൽ
അളവററ സമ്പത്തവൻെറ മുമ്പി-
ലലഘുസൌഭാഗ്യങ്ങളാനയിച്ചു,
മതിമറന്നങ്ങനെ യൌവനത്തിൻ
മലർവാടി പുക്കവനുല്ലസിച്ചു.
കനകത്തിനെന്തിനു സൌരഭം, ഹാ
പണമുള്ളോർക്കെന്തിനാണദ്ധ്യയനം?
അതിനാൽക്കലാശാലാജീവിതത്തി-
നവനുടൻ പൂർണ്ണവിരാമമിട്ടു.
അലസതാവാപിയിലാണ്ടുയരു-
മലകളിൽ തോണി കളിച്ചു നീന്തി.

Digitized By Kerala Sahitya Akademi

അവിരളോന്മാദമനുഭവിച്ചൂ-
നവനെന്നുമെന്നും കഴിഞ്ഞുവെങ്കൽ!!....

3

സകല വസ്തുക്കളും തിരെഴുതി-
'സ്സരസ'ത്തിനെപ്പഠിപ്പിച്ച താതൻ!
വിനയസൌശില്യാദിസൽഗുണങ്ങൾ
വികസിച്ചനിന്നൊരപ്പെൺകൊടിയിൽ
അനുരക്തനാകും പിശാചുപോലു-
മറിയാതെ ദേവതയായി മാറും!
അവളത്ര മോഹനരൂപിണിയു-
മകളങ്കചിത്തയുമായിരുന്നു.

4

അരവിന്ദനായിരം പ്രേമഗാന-
മവളുടെ മുമ്പിൽച്ചൊരിഞ്ഞുകൂട്ടി
അവളുടെ പാദമുദ്രയ്ക്കു ചുററു-
മവനൊരു പൊൻവേലി സജ്ജമാക്കി!
പരമപ്രണയമന്ത്രാക്ഷരങ്ങ-
ളുരുവിട്ടു കൈ കൂപ്പിക്കൊണ്ടു മുന്നിൽ
ഒരു മൃദുജീവിതം തന്റെ മുമ്പിൽ-
പ്പരിചരണത്തിന്നായ് കാത്തുനിൽക്കേ;
പ്രതിബന്ധമെത്ര വിലക്കിയാലു-
മതിനെയെമ്മട്ടവൾ തട്ടിനീക്കും?
അനുമാത്രചിന്തയിലാർദ്രയായ്ത്തീ-
ർന്നനുരക്തയായിതവളവനിൽ!

5

പരമാനന്ദത്തിൻ പതാക വീശി-
പ്പരിണയഘോഷം കഴിഞ്ഞുകൂടി
മധുരവികാരങ്ങൾ വീശിവീശി
മധുവിധുകാലവും വന്നുകൂടി.

Digitized By Kerala Sahitya Akademi

പുഴവക്കും പൂന്തോപ്പും പൂനിലാവും
പുളകദഹേമന്തരാത്രികളും,
സുലളിതപുഷ്പിതകുഞ്ജകവും
സുരഭിലമാകും കുളിർമരുത്തും
സകലത്തും—ശൃംഗാരസാന്ദ്രമാകും
സകലത്തുമൊത്തവരൊത്തുകൂടി.
ഒരു നേർത്ത പുല്ലാങ്കുഴൽവിളിപോൽ
മരുവി ജഗത്തന്നവർക്കു മുന്നിൽ.

—അപൂർണ്ണം.

(29)

കാമുകി

വെള്ളിനിലാക്കതിർപ്പൂനിഴൽക്കാട്ടിലെ
പുള്ളിമാൻപേടയീ രാത്രി.

കാമുകൻ

ചെല്ലമേ, നിന്നെപ്പോൽ സ്വച്ഛം രമിപ്പുമൽ-
ഫുല്ലോല്ലസൽസ്വപ്നദാത്രി.

കാമുകി

വാനിന്റെ വക്കിൽനിന്നാടിയുറെന്നത്തിയ
വാർമയിൽപ്പേടയീ രാത്രി.

കാമുകൻ

അപ്രതിമോജ്ജ്വലേ, മൽപ്രിയേ നിന്നെപ്പോ-
ലത്ഭുതോത്തേജകഗാത്രി!

കാമുകി

ഇക്കിളി കൂട്ടുന്നു രാക്കിളിപ്പാട്ടുക-
ളുൾക്കുളിർപ്പൂവിനെപ്പുൽകി.

കാമുകൻ

ലജ്ജ ചാലിച്ചനിൻ നമ്മോക്തിയുന്മുക്തി
മജ്ജീവനെന്നപോൽ നൽകി.

Digitized By Kerala Sahitya Akademi

# സ്മരണ

അന്തിത്തിരിയാലൊരാവേശകസ്മിതം
ചിന്തിനിൽക്കുന്നനിൻ നിശ്ശബ്ദമന്ദിരം
കണ്ടിടാറില്ലതിലേറെനാളായി ഞാൻ
പണ്ടത്തെ ദീപ്തിപ്രസരങ്ങളൊന്നുമേ!
നിത്യമൂകത്വം വിറങ്ങലിപ്പിച്ചൊരാ-
നിർജ്ജനോദ്യാനങ്ങൾ കാണുമ്പോഴൊക്കെയും
എന്മിഴിത്തുമ്പിൽനിന്നിററു വീഴാറുണ്ടു
നിന്നെയോർത്തായിരമശ്രുകണികകൾ!

വിസ്മയം തോന്നുമാറെന്മുന്നിലന്നിതാ
വിദ്യുല്ലതപോലണഞ്ഞു നീ പിന്നെയും!
നിർഗ്ഗമിക്കുമ്പൊൾ നിൻ പിന്നാലെയെത്തുവാൻ
സ്വർഗ്ഗം പറക്കുന്നു നീ പോം വഴികളിൽ!

മഞ്ഞുഹേമന്തം നിലാവിൽക്കുളിപ്പിച്ചു
മഞ്ഞണിയിച്ച മദാലസരാത്രികൾ
ഇന്നുമെത്താറുണ്ടു നീ വിട്ടുപോയനിൻ
പുണ്യാശ്രമത്തിലെ പുഷ്പിതവാടിയിൽ!
എങ്കിലും മൂകരായ് നില്ക്കുകയല്ലാതെ
തൻകരവല്ലകി മീട്ടിടാറില്ലവർ!
കേട്ടിടാറില്ല നീ പോയനാൾ തൊട്ടുനിൻ
കൂട്ടിലെത്തത്തതൻ കൊഞ്ചലശേഷവും!
തെന്നലാലിംഗനം ചെയ്കിലും മർമ്മരം
ചിന്നിടാറില്ല മരതകപ്പച്ചകൾ!



Digitized By Kerala Sahitya Akademi

അപ്പപ്പൊഴെത്തുമത്തോപ്പിൻെറ വീപ്പിലൂ-
ടസ്സ്പഷ്ടമേതോ വിഷാദപരിമളം

—അപൂൎണ്ണം.

(30)

ഇല്ല കഷ്ടം ഭവാനറിയുക-
യില്ല ഞാനെന്തു ചെയ്കിലും!
താവകാംഗുലിസ്സ്പൎശനംപോലും
കേവലം ലഭിയാതെ ഞാൻ,
കണ്ണുനീരിൽ കുളിച്ചു, ഞെട്ടററു
മണ്ണിൽ വീഴുമൊരന്തിയിൽ!
ജീവനാഥ, ഭവാനു ലാളിച്ചുവാ-
നാവഴിക്കുന്നണഞ്ഞിടും.
മണ്ണിലെന്നെച്ചവിട്ടിയാൽക്കൂടമ-
പ്പൊന്നുകാലടിപ്പൂവുകൾ.
രോമഹൎഷമണിഞ്ഞു ഞാനേവ-
മാമണലിൽ മറഞ്ഞുപോം!
എങ്കിലും, ഹാ, കൃതാൎത്ഥനാണേവം
നിൻകഴൽച്ചവിട്ടേൽക്കിൽ ഞാൻ!

Digitized By Kerala Sahitya Akademi

# തപ്തരാഗം

മഞ്ജുസായന്തനാഭയിൽ സ്വയം
മുങ്ങി മുങ്ങിയപ്പൂവനം
എത്തിടുകയാണിപ്പോഴും മമ
തപ്തരാഗസ്മരണയിൽ
കണ്ണുനീരിന്റെ ഭാഷയിലതിൻ
വർണ്ണങ്ങളെഴുതുവാൻ
എന്തിനോ വൃഥാ വെമ്പുകയാണെൻ
വെന്തുനീറുന്ന ചിന്തകൾ
ജൃംഭിതോദ്വേഗവീചികൾ വീശും
സംഭ്രമങ്ങൾക്കിടയിലായ്
സന്തതം നുരിയിട്ടു പൊങ്ങുന്നു
ഹന്ത മൽപ്രാണഗൽഗദം
ശബ്ദഹീനമാ ദീനരോദന-
ബുൽബുദങ്ങളിലൊക്കെയും
തിങ്ങിവിങ്ങുന്നുണ്ടെങ്കിലുമൊരു
സംഗീതസ്മിതകന്ദളം
മൂകമാകിലുമുഗ്ദ്ധമാകിലും
ശോകസങ്കുലമാകിലും
ശുദ്ധരാഗത്തിനുണ്ടൊരുതരം
മുഗ്ദ്ധമന്ദസ്മിതാങ്കുരം.
ആഗതാശ്രുകണങ്ങളേക്കൊണ്ടു-
മാകയില്ലതു മായ്ക്കുവാൻ.

Digitized By Kerala Sahitya Akademi

മൃത്യുവാലതിരിട്ടതാകു,മീ
മർത്ത്യജീവിതസൈകതം.
വെച്ചു പൂജിപ്പുമെന്നുമായതിൻ
കൊച്ചുകാലടിപ്പാടുകൾ
സുന്ദരസ്മൃതി വന്നവകളെ-
യെന്നുമെന്നും പുതുക്കിടും.

*  *  *

പൂത്തിലഞ്ഞികൾ പൂത്തുനിൽക്കുമി-
പ്പുഷ്പവാടികയിപ്പൊഴും
ഓമനസ്മിതം തൂകുന്നു, കഷ്ടം
മാമകാഗമവേളയിൽ
എന്തറിഞ്ഞു നീയെൻകഥകളെൻ
സുന്ദരാരാമരംഗമേ?
ഇന്നിതാ പൂത്തു പൂത്തുനില്പൂയാ-
ണന്നവൾ നട്ട മുല്ലകൾ.
സദ്രസമിവ കാട്ടിടുന്നേതോ
സ്വപ്നലോകമെൻ മുന്നിലായ്
മന്ദനം തുടിപ്പുന്നു; കണ്ണുനീർ
വന്നിടുന്നീ മിഴികളിൽ.
ഫുല്ലയൌവനപൂർണ്ണമായവ-
ളുല്ലസിച്ച നികുഞ്ജകം
അഞ്ചിതാ കാണ്മു പൈങ്കിളിപോയ
പഞ്ജരത്തിൻെറ മാതിരി.
ജീവചൈതന്യകേന്ദ്രമായന്നി-
പ്പൂവനത്തണലൊക്കെയും

Digitized By Kerala Sahitya Akademi

മൽപ്രതീക്ഷകൾക്കന്നമദോത്സവ-
മർപ്പണം ചെയ്തകാരണം.
അന്നൊരുലേശമൊത്തതില്ല ഞാ-
നിന്നിലസ്വല്ലൊരന്തരം.
എന്തുചെയ്യും?—വിധിയ്ക്കു കീഴ്പ്പെടാ-
തെന്തുചെയ്തിടും മാനുഷൻ?
അർത്ഥശൂന്യമാണശ്രു, വെങ്കില്യ-
മത്തലിൻ ഘോരമുഷ്ടിയിൽ,
എത്ര നേരമടങ്ങിനിൽക്കുമൊ-
രത്യവശമാം മാനസം?
പ്രേമജന്യമെൻ ദീനരോദന-
മോമനേ നീ പൊറുക്കണേ!

---

(31)

നിർമ്മലാനന്ദം വികസിച്ചുനില്ക്കുന്ന
ജന്മസാഫല്യസരസ്സിലാറാടുവാൻ
എന്നാശ,യെത്രയോ നാളായ് ഭജിച്ചു ഹാ
വന്നിടുകൊന്നെൻ പ്രണയപ്രകാശമേ!

---

പ്രണയചന്ദ്രിക പൊഴിയുമെൻ, കൊച്ചു-
പനിമതിലേഖകിളരുവാൻ
കൊതിപൂണ്ടേകനായിരുളിലുൽക്കട-
കദനാവേശിതവിവശനായ്
ശിഥിലതന്ത്രിയാം ഹൃദയവീണയോ-
ടധിവസിയ്ക്കുയാണിവിടെ ഞാൻ.

Digitized By Kerala Sahitya Akademi

അകലെനിന്നോരോ മൃദുലമർമ്മര-
മരികിലവ്യക്തമണയുന്നു;
ചില മനോഹരകനകതാരകൾ
ചിരിയടക്കിക്കൊണ്ടമരുന്നു.
അനുനിമേഷമെൻ മിഴികളിൽ, കഷ്ട-
മനുശയാശ്രുക്കൾ പൊടിയുന്നു.

---

സ്നേഹം തുളുമ്പും മനസ്സുമായ്‌വന്നെൻെറ
ഗേഹത്തിലേക്കന്നുഷസ്സന്ധ്യപോലെ നീ.
ഇന്നുമോർക്കുന്നു ഞാൻ ലജ്ജാനതോൽഫുല്ല-
മന്ദസ്മിതാർദ്രമാമന്നത്തെ നിന്മുഖം.

Digitized By Kerala Sahitya Akademi

# പ്രേമപൂജ

എന്തിലും മീതെ ഞാൻ വാഴ്ത്തിടും, പ്രേമമേ
ചിന്തനാതീതമാം നിന്മഹത്വം.
വിശ്വം മുഴുവൻ നിറഞ്ഞുകവിയും, നിൻ
ശശ്വൽപ്രകാശത്തിൽ മുങ്ങി മുങ്ങി
മന്ദഹസിച്ചു വിടർന്നു വിളങ്ങണ-
മെന്നാത്മകോരകമെന്നുമെന്നും!
ഉല്ലസിതമാകണമുന്മാദസൌരഭ-
മപ്പിച്ചുവാടാമലർക്കുടത്തിൽ!

കാരോപരിണാമമെത്തിയെത്തി സ്വയ-
മോരോന്നായെല്ലാം മറഞ്ഞുപോകും.
തെല്ലും വിലയവും രൂപാന്തരങ്ങളു-
മില്ലാതെ നിൽക്കുന്നതൊന്നു മാത്രം.
മിന്നിത്തിളങ്ങി വിളങ്ങുന്നു മേൽക്കുമേൽ
വിണ്ണിൻെറ വാടാവെളിച്ചമേ, നീ!
പായുന്ന നിന്മുന്നിലിപ്രപഞ്ചത്തിലെ-
പ്പാഴ്നിഴൽപ്പാടുകളാകമാനം.
നീമാത്രം ശേഷിപ്പൂ, നീമാത്രം ഭാസിപ്പൂ
സീമാവിഹീനമേ, വിസ്മയമേ!
സത്യം നീ, നിത്യം നീ, സച്ചിദാനന്ദം നീ
നിസ്തുലപ്രേമമേ, സർവ്വവും നീ!
മറ്റെല്ലാം മായികം, സ്വപ്നം, മരീചികാ-
വിഭ്രമം—ഏതോ ചലനചിത്രം!

Digitized By Kerala Sahitya Akademi

നിന്നിലലിഞ്ഞലിഞ്ഞില്ലാതെയാവണ-
മെന്നിലെ 'ഞാനാ'കുമന്ധകാരം!!
താവകസൌന്ദര്യധോരണിയില്ലെങ്കി-
ലീവിശ്വം പാഴ്ക്കരിക്കട്ടമാത്രം.
അക്ഷയജ്യോതിസ്സേ നീയല്ലി നൽകിയീ-
നക്ഷത്രങ്ങൾക്കീ പ്രകാശനാളം!
മഞ്ഞുനീർത്തുള്ളിയും മൺതരിക്കുട്ടിയും
മന്ദഹസിപ്പൂനിൻ ചുംബനത്തിൽ!
താവുകയാണൊരു സൌന്ദര്യമെന്നിലും
താവകസ്വപ്നമാത്രയിങ്കൽ
എന്നാത്മനാളവും കോരിക്കുടിയ്ക്കട്ടെ
പിന്നെയും പിന്നെയും നിൻവെളിച്ചം!!

തന്ത്രിയററുള്ളൊരീ വീണയിൽക്കൂടിനി-
ന്നംഗുലിതെല്ലൊന്നു സഞ്ചരിക്കേ,
എന്തത്ഭുതാജ്ഞാതസംഗീതവീചികൾ
സംക്രമിക്കുന്നില്ലതിങ്കൽനിന്നും!!

ജീവിതത്തിൻെറ നികുഞ്ജത്തിലൊക്കയും
നീ വിതച്ചീടുമീ നിർവൃതികൾ
മൃത്യുവിനപ്പുറം പോലും പഠന്നുചെ-
ന്നെത്തിത്തളിരിട്ടു നിൽക്കുമെങ്കിൽ—
ജന്മവും ജന്മാന്തരങ്ങളും കൂടതിൻ
നിർമ്മലസൌരഭം പൂശുമെങ്കിൽ
മംഗലപ്രേമമേ നീയാണു ലോകത്തിൽ
ഞങ്ങൾക്കെല്ലാക്കുമുള്ളേകലക്ഷ്യം.

Digitized By Kerala Sahitya Akademi

എന്തിനേക്കാളും മധുരമീ നീ തരും
മുന്തിരിച്ചാറാ,ണെനിയ്ക്കുലകിൽ!
ഞാനതു മുക്കിക്കുടിച്ചു കുടിച്ചിരു-
ന്നാനന്ദമത്തനായ്പ്പാടിടട്ടേ!!
ഹാ, മതിയായില്ലെനിയ്ക്കൊരു ലേശവും
ഓമനേ!—വേഗം നിറയ്ക്കൂ പാത്രം!...



Digitized By Kerala Sahitya Akademi

# വാഗ്ദത്തം

"സമയം—നീ നെററിചുളിച്ചിടൊല്ലേ
സദയം, മാപ്പിന്നെനിക്കേകുകില്ലേ?
സഹജേ നീ പോകു സമാശ്വസിക്കൂ
സമയമാകട്ടെ, ഞാൻ വന്നുകൊള്ളാം!"

* *

'സമയമാകട്ടെ, ഞാൻവന്നിടാം' പോൽ!
സവിലാസവൈചിത്ര്യമിതെത്ര നില്ക്കും?
ഇളനീലവിണ്ണിൻ വിശാലഹൃത്തി-
ലിളകുമാ വെൺമേഘചിന്തകളിൽ
കലരും കലാപകരാവലിയാൽ
കലിതാഭമായീ ജഗത്തഖിലം
കരിതേച്ചു ശീലിച്ച രാവിനേയും
കമനീയമാക്കുന്നൊരാ വെളിച്ചം
'വിജയിപ്പൂതാകെ'ന്നായ് വാക്കിളികൾ
വിവിധസ്വരങ്ങളിൽ വാഴ്ത്തിപ്പാടി.
കുളിർകാററിൽപ്പുണ്യശാലാങ്കണത്തിൽ-
ത്തുളസികളെന്തോ രഹസ്യമോതി.
പെരുവഴിവക്കിലെപ്പാല പൂത്ത
പരിമളം കാമം വിതച്ചു കാററിൽ.
ചെറുമക്കുടിലിൽച്ചേമന്തി പൂത്തു

—അമ്പുണ്ണി

Digitized By Kerala Sahitya Akademi

(32)

സഖികളവരെന്നരികിലെത്തി-
സ്സരസമായ് സന്തതം സല്ലപിപ്പൂ.
അവരെല്ലാമെന്നെ നടുക്കിരുത്തി
പ്രണയഗാനങ്ങൾ പൊഴിച്ചിടുന്നു.
അതു കേട്ടുകേട്ടു ഞാനെന്നെയും വി-
ട്ടെവിടെയോ ചെന്നു ലയിച്ചിടുന്നു.
പുളകംകൊണ്ടെന്നെപ്പൊതിയുവാനായ്
'നളിനി'ക്കും 'ലീല'യ്ക്കുമെന്തു മോഹം!
പതിവായി'ച്ചമ്പകക്കുട്ടി'യുമായ്
പനിമലർത്തോപ്പിങ്കൽ ചെന്നിരിക്കേ,
അറിയാറില്ലല്ലോ ഞാനന്നിലോളം
പരിതാപത്തിൻെറ കണികപോലും.
സുമതി! 'സുഭദ്ര'യും ഞാനുമായി-
സ്സുലളിതഹേമന്തചന്ദ്രികയിൽ
ശിഥിലതരംഗങ്ങളുമ്മവെയ്ക്കും
പുളിനങ്ങൾതോറുമുലാത്തിടുമ്പോൾ
സകലതും തീരെ മറന്നു ഞാനൊ-
രകളങ്കാനന്ദമനുഭവിപ്പൂ!
കനകപ്രഭാമയ—മെത്രയെത്ര
കമനീയമെൻെറയീ സ്വപ്നലോകം!
ഇവിടെയെന്താനന്ദം!—എന്നെയാരു-
മിവിടെനിന്നയ്യോ വിളിക്കരുതേ!:....

Digitized By Kerala Sahitya Akademi

(33)

പരമാനന്ദത്തിന്റെ വിദ്യുതവികാസമേ
പരമപ്രേമത്തിന്റെ പാവനപ്രകാശമേ!
പുളകം പൂശിപ്പൂശി വികസിക്കട്ടെ നിന്റെ
പുലരിത്തുടുപ്പിൽ,ഛി,ക്കൊച്ചുജീവിതപുഷ്പം!
അലമല്ലലാലല്ലിൻ ശൂന്യത തപ്പിത്തപ്പി-
വിലപിച്ചു ഞാൻ നിന്നെക്കണ്ടെത്തുന്നതുവരെ.
ഇസ്സ്വപ്നഭ്രമാമയരംഗത്തിലെനിക്കൊന്നാ
ദുഃസ്വപ്നം ക്ഷണനേരം മറക്കാൻ കഴിഞ്ഞെങ്കിൽ!
നിദ്രതൻ തമസ്സിങ്കൽനിന്നെന്നെ മോചിപ്പിച്ചു
സദ്രസമെനിക്കു നീ വെളിച്ചം കാട്ടിത്തന്നു.
കാലദേശത്താലൊന്നുമതിരിട്ടീടാത്തുള്ളോ-
രാലംബകേന്ദ്രത്തിലേക്കെന്നെ നീയാകർഷിച്ചു.
മിഥ്യയെന്നെന്നെത്തന്നെ വെറുക്കാൻ തുനിഞ്ഞ ഞാൻ
സത്യമത്തെയെന്നിൽക്കാണിച്ചെന്നിൽ ഞാൻ ലയിക്കുന്നു.
എന്നിൽ സർവ്വവുമൊന്നിച്ചടക്കുന്നതോടൊപ്പ-
മിന്നെനിക്കെല്ലാററിലുമടങ്ങാൻ കഴിഞ്ഞെങ്കിൽ
എന്നിലുള്ളെന്നെപ്പാടേ വിസ്മരിച്ചെല്ലാററിലു-
മെന്നെക്ക,ണ്ടാനന്ദത്താലെന്മനം തുടിക്കുന്നു.
കൊച്ചുപുൽക്കൊടിതൊട്ടാ നക്ഷത്രംവരെ,യിന്നെൻ
നിസ്തുലസ്നേഹത്തിന്റെ വെളിച്ചം വ്യാപിക്കുന്നു.
എന്നിൽനിന്നെത്രത്തോളം വ്യാപിപ്പതവയിൽനി-
ന്നെന്നിലുമത്രത്തോളം പൊഴിയുന്നിതസ്നേഹം!
അങ്ങിനെ പരസ്പരമുള്ളൊരിക്കൈമാററത്താൽ
മംഗളസ്നേഹമയമായി മാറുന്നു, വിശ്വം!
സ്നേഹത്തിൽ ജനിക്കുവാൻ, സ്നേഹത്തിൽ ജീവിക്കുവാൻ
സ്നേഹത്തിൽ മരിക്കുവാൻ സാധിക്കിലതേ പുണ്യം!!

Digitized By Kerala Sahitya Akademi

(34)

പൊൻപുലരൊളിയേററു പുത്തതായ് വികസിച്ച
ചെമ്പനീരലരിഃനാടോതുന്നു കളകണ്ഠം!—
"ഓമനേ, മനോഹരദർശനേ, പൂങ്കാവിൻെറ
രാമണീയകത്തിനു മകുടം ചാർത്തിപ്പൂ നീ!
നിന്നെ വന്നൊതിരേൽപൂ നിതരാം കുതൂഹല-
സ്സുന്ദനമടക്കവാനാകാത്ത മന്ദിത്തെന്നൽ!
മെത്തിടും കുതുകത്താൽ സ്വാഗതഗാനം പാടി-
യെത്തിടുന്നിതാ ചുററും ചഞ്ചലഭ്രമരങ്ങൾ!
കളിയല്ലെനിയ്ക്കുമിന്നത്രമേൽത്തോന്നുന്നുണ്ടു
കലിതാമോദംനിന്നെവർണ്ണിച്ചു നീട്ടിപ്പാടാൻ!
എങ്കിലുമെനിയ്ക്കു നിൻ വാസ്തവം ചിന്തിയ്ക്കുമ്പോ-
ളെന്തു ചെയ്യട്ടെ, പൊങ്ങുന്നില്ല ദുഃഖത്താൽ ശബ്ദം.
കാൺമൂ നീയിപ്പോൾ മുന്നിൽക്കാരുണ്യത്തിടമ്പായി-
ക്കാഞ്ചനപ്പൊട്ടും ചാർത്തിനില്ക്കുമന്നൊരുഷസ്സിനെ.

തപ്തജീവിതത്തിൻെറ
മരുഭൂവിനു മുമ്പിൽ
സദ്രസം പാടിപ്പാടി-
യൊഴുകും സരിത്തിനെ
ഉഗ്രനൈരാശ്യക്കൊടും-
കാടിനെ മറച്ചുനി-
ന്നുജ്ജ്വലസ്മിതം തൂകും
തേൻ തെളിപ്പൂങ്കാവിനെ.

ഇതുമായികമല്ലേ, മായില്ലേ മാത്രയ്ക്കുള്ളിൽ
സ്ഥിതി മാറുകയില്ലേ, പൊരിയും വെയിലല്ലേ?
മൃദുലത്തുടുതുടപ്പിളകിത്തുളുമ്പുംനി-
ന്നിതളോരോന്നും വാടിയോമലേ, നീ വീഴില്ലേ?

Digitized By Kerala Sahitya Akademi

നിന്മുഖത്തേക്കൊന്നയ്യോ നോക്കുമ്പോൾ, പിളരുന്നു
മന്മനം—സൌന്ദര്യമേ ക്ഷണനാവത്തിയോ നീയും?
നീ വാടിവീണാൽപ്പിന്നെ നിന്നെയൊന്നോർമ്മിക്കുവാ-
നീ വാടികകമില്ലൊരൊററപ്പുൽക്കൊടിപോലും.
നിസ്സഹായതേ, നീയെന്തറിവൂ ജഗത്തിന്റെ
നിർദ്ദയതയെപ്പററി?—ച്ചിരിയ്ക്കൂ ചിരിയ്ക്കൂ നീ!"

ലോലസൌരഭമോലും
നെടുവീർപ്പിട്ടാക്കൊച്ചു-
പേലവസൂനം മന്ദം
പുഞ്ചിരിതൂകി—

ഗായകാ, സഹതാപസാന്ദ്രമാം ഭവൽസ്നേഹ-
പീയൂഷം പുരണ്ടോരീ മോഹനവചസ്സുകൾ.

—അപൂർണ്ണം.

# ചങ്ങമ്പുഴയുടെ കൃതികൾ

| | | | |
|---|---|---|---|
| രമണൻ | 1 | 8 | 0 |
| ദേവഗീത | 2 | 0 | 0 |
| സ്പന്ദിക്കുന്ന അസ്ഥിമാടം | 2 | 0 | 0 |
| അപരാധികൾ | 1 | 0 | 0 |
| ദിവ്യഗീതം | 1 | 8 | 0 |
| ഓണപ്പൂക്കൾ | 1 | 0 | 0 |
| ബാഷ്പാഞ്ജലി | 1 | 8 | 0 |
| രക്തപുഷ്പങ്ങൾ | 1 | 4 | 0 |
| സങ്കല്പകാന്തി | 1 | 4 | 0 |
| ആകാശഗംഗ | 1 | 0 | 0 |
| കളിത്തോഴി | 2 | 8 | 0 |
| വത്സല | 0 | 8 | 0 |
| ആരാധകൻ | 0 | 8 | 0 |
| മോഹിനി | 0 | 8 | 0 |
| ദേവത | 0 | 8 | 0 |
| തിലോത്തമ | 0 | 8 | 0 |
| കലാകേളി | 0 | 12 | 0 |
| ശ്രീതിലകം | 1 | 0 | 0 |
| ചൂഡാമണി | 1 | 0 | 0 |
| കരടി | 0 | 8 | 0 |
| വിവാഹാലോചന | 0 | 8 | 0 |
| അനശ്വരഗാനം | 0 | 8 | 0 |
| യവനിക | 1 | 8 | 0 |
| ഹേമന്തചന്ദ്രിക | 1 | 8 | 0 |
| സാഹിത്യചിന്തകൾ | 1 | 0 | 0 |
| നിർവൃതി | 0 | 8 | 0 |
| ദേവയാനി | 0 | 8 | 0 |

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ

(തുടർച്ച)

| | | | |
|---|---|---|---|
| മഞ്ഞക്കിളികൾ | 1 | 0 | 0 |
| കല്ലോലമാല | 1 | 4 | 0 |
| മൌനഗാനം | 1 | 0 | 0 |
| നിർവ്വാണമണ്ഡലം | 0 | 12 | 0 |
| അസ്ഥിയുടെ പൂക്കൾ | 0 | 12 | 0 |
| പാടുന്ന പിശാച് | 2 | 0 | 0 |
| മദിരോത്സവം | 2 | 0 | 0 |
| സ്വരരാഗസുധ | 2 | 0 | 0 |
| ഉദ്യാനലക്ഷ്മി | 1 | 2 | 0 |
| മണിവീണ | 0 | 12 | 0 |
| മാനസേശ്വരി | 0 | 6 | 0 |
| മയൂഖമാല | 0 | 9 | 0 |
| സുധാംഗദ | 0 | 15 | 0 |
| അമൃതവീചി | 0 | 12 | 0 |
| പെല്ലീസും മെലിസാന്ദയും | 1 | 8 | 0 |
| മാനസാന്തരം | 1 | 6 | 0 |
| പ്രതികാരദുർഗ്ഗ | 2 | 8 | 0 |
| കഥാരത്നമാലിക | 1 | 2 | 0 |
| തകർന്ന മുരളി | 1 | 4 | 0 |
| തളിർത്തൊത്തുകൾ | 1 | 0 | 0 |
| രാഗപരാഗം | 1 | 0 | 0 |
| നർത്തകി | 0 | 8 | 0 |
| മദലമോഹിനി (അച്ചടിയിൽ) | | | |
| വിശ്വവിപഞ്ചിക " | | | |
| ഇടപ്പള്ളി രാഘവൻപിള്ളയുടെ എല്ലാ കൃതികളുംകൂടി ഒരു വാല്യത്തിൽ | 5 | 0 | 0 |
| നവഭാവന (ശ്രീദേവി ചങ്ങമ്പുഴ) | 0 | 8 | 0 |

**മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ.**

Digitized By Kerala Sahitya Akademi